പ്രമേയം ചർച്ച കൂടാതെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസാക്കി.

(3) 2000-ത്തിലെ കേരള ധനകാര്യബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2000-ത്തിലെ കേരള ധനകാര്യ ബില്ലിന്റെ കാര്യത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 76-ാം നമ്പർ ചട്ടം സസ്പെൻഡ് ചെയ്യണമെന്നുള്ള പ്രമേയം 313-ാം ചട്ടപ്രകാരം ഞാൻ അവതരിപ്പിക്കുന്നു.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

(ബഹളത്തിനിടയിൽ പ്രമേയം സഭ അംഗീകരിച്ചു.)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : 2000-ത്തിലെ കേരള ധനകാര്യ ബിൽ ഞാൻ അവതരിപ്പിക്കുന്നു. †

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : 2000-ത്തിലെ കേരള ധനകാര്യബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : 2000-ത്തിലെ കേരള ധനകാര്യബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

Minister for finance (**Shri. T. Sivadasa Menon**) :S ir, I move the following amendments :

(2) In section 17A propossed to be inserted by sub-clause (5) of clause 2 of the Bill, ___

(a) after the words and figures "any period prior to 1st April 1993, has been filed", the words and figures "or due to be filed subsequent to the 1st day of April, 1993" shall be inserted.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(b) for the words and figures "on or before 31st March 1999 and such re-assessment is pending", the words "and such re-assessment has not been completed" shall be substituted.

(3) After sub clause (5) of clause 2, the following sub-clause shall be inserted as sub clause (6) and the remaining sub clauses shall be renumbered accordingly:-

"(6) *validation.* -(1) Notwithstanding anything contained in any judgment, decree or order of any Court, Tribunal or other Authority, any assessment or re-assessment made or purported to have been made under the second provision to sub section (6) or the proviso to sub section (8) of Section 17 of the Kerala General Sales Tax Act, 1963 (15 of 1963) shall be deemed to be effective as if such assessment or re-assessment had been made under those sub sections read with Section 17 A of that Act and accordingly.

(a) all acts, proceedings or things done or taken by an officer or authority inconnection with the assessment, levy or collection of such tax shall, for all purposes be deemed to be and to have always done or taken in accordance with law ;

(b) no suit or other proceedings shall be maintained or continued in any Court, Tribunal or before any authority for the cancellation of any such assessment or re-assessment, as the case may be or for the refund of any such tax so collected ;

(c) no Court, Tribunal or any authority shall enforce any decree or order directing the cancellation of any such assessment or re-assessment or refund of any tax collected thereunder ;

(d) any tax assessed or reassessed under the Kerala General Sales Tax Act 1963 (15 of 1963) before the 1st day of April, 2000, but not collected before that date shall be recovered in the manner provided under the said Act and the rules made thereunder ; and

(e) Where any amount which had been received or realised in pursuance of any assessment or re-assessment by way of tax is refunded after the 1st day of April, 1993, and such refund would not have been allowed if the provisions of Section 17 A had been in force on the date on which the order for such refund was passed, the amount so refunded may be recovered as an arrear of tax under the Kerala General Sales Tax Act, 1963.

LIBRARY ARCHIVES Kerala Legislative Assembly

(2) For the removal of doubt, it is hereby declared that nothing in sub-section (1) shall be construed as preventing any person from claiming refund of any tax paid by him in excess of the amount due from him under the Kerala General Sales Tax Act, 1963."

(4) In sub-section (3) of section 59 A proposed to be substituted by sub-clause (10) of clause 2, after the words "dealer or any other person" the words "other than an officer acting on behalf of the Government" shall be inserted.

(5) In sub-clause (11) of clause 2 the following item shall be inserted as item (i) and the remaining items shall be renumbered accordingly :-

"(i) after Serial No. 1 and the entries against it the following Serial No. and entries shall be inserted, namely :-

"1 A Aeronautics do. 12".

(6) For column (2) of item (ii) against Serial No. 54 in the First Schedule to the KGST Act proposed to be substituted by clause 2 (ii) (vi), the following shall be substituted namely :-

"electrical appliances, that is to say, fans, grinders, mixers, cooking ranges and water heaters".

(7) In column (2) of item (iii) against Sl. No. 54 in the first schedule to the KGST Act proposed to be substituted by clause 2 (ii) (vi) for the words "electrical wiring cables" the words "electrical wiring cables and ACSR conductors" shall be substituted.

(8) After item (vi) of clause 2 (ii), the following item shall be inserted, namely:-

"(vi a) after Serial No.36 and the entries against it the following Serial No. and entries shall be inserted, namely :-

"36 A Cigarette cases and lighters do. 12".

(9) After item (viii) of sub clause (11) of clause 2 the following item shall be inserted, namely :-

"(viii a) after Serial No. 92 and the entries against it the following Serial No. and entries shall be inserted, namely :-

"92 A. Molasses do. 20".

LIBRARY ARCHIVES Kerala Legislative Assembly

(10) After item (x) of sub clause (11) of clause 2 the following item shall be inserted, namely :-

" (x a) after Serial number 120 and the entries against it, the following Serial No. and entries shall be inserted, namely :-

"120 A. Rectified spirit do. 20".

(11) In item (xiv) of sub-clause (11) of clause 2, after the words "in the entry against Serial number 159", the following shall be inserted, namely:-

"(a) in column (2), after the existing entry the following explanation shall be inserted, namely:-

"Explanation :-Turmeric and turmeric powder shall be treated as a single commodity for the purpose of taxation" and (b)".

(12) After item (i) of sub clause (13) of clause 2 the following item shall be inserted, namely :-

"(i a) in the entry against Sl. No. 4 in col. (2) for the words "plywood, veneer plywood, particle board", the words, "plywood, veneer plywood, particle board ; hard board" shall be substituted".

(13) After sub-clause (13) of clause 2 the following sub-clause shall be inserted, namely :-

"(14) where a dealer who was in arrears of tax or other amount under the Kerala General Sales Tax Act, 1963 (15 of 1963) relating to any period up to 31st day of March 1997 has paid tax or such other amount with reduced interest as specified in sub-section (1) of section 23 A on or before the 31st day of March, 2000, he shall be deemed to have made the payments in accordance with the provisions of section 23 A as it stood as on the 20th day of March, 2000".

ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മി. സ്പീക്കർ : ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

3-ാം വകുപ്പ്

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

Minister for Finance (**Shri.T. Sivadasa Menon**) :-

Sir, I move the following amendments:

(14) After sub-clause (5) of clause 4 following sub-clause shall be inserted, namely:-

"(6) *Validation.*- (1) Notwithstanding anything contained in any Judgment, decree or order of any Court, Tribunal or other authority, any assessment made or purported to have been made under section 39 of the Kerala Agricultural Income Tax Act, 1991 (15 of 1991) shall be deemed to be as valid and effective as if such assessment had been made under the said Act as amended by the Kerala Finance Act, 2000 and accordingly;

(a) all acts, proceedings or things done or taken by an officer or authority in connection with the assessment, levy or collection of such tax shall, for all purposes be deemed to be and to have always been done or taken in accordance with law ;

(b) no suit or other proceedings shall be maintained or continued in any Court, Tribunal or before any authority for the cancellation of any such assessment or for the refund of any such tax so collected in pursuance of any such assessments ;

(c) no Court, Tribunal or any authority shall enforce any decree or order directing the cancellation of any such assessments or re-assessments or refund or any tax collected thereunder ;

(d) any tax assessed under the Kerala Agricultural Income Tax Act, 1991 before the 1st day of April, 2000, but not collected before that date shall be recovered in the manner provided under the said Act and the rules made thereunder ;

LIBRARY ARCHIVES Kerala Legislative Assembly

(e) where any amount which had been received or realised in pursuance of any assessment by way of tax is refunded before the date of publication of the Kerala Finance Act, 2000 in the Gazettee and such refund would not have been allowed if the explanation to sub-section (6) of section 39 of the Kerala Agricultural Income Tax Act, 1991 (15 of 1991) had been in force on the date on which the order of such refund was passed, the amount so refunded may be recovered as an arrear of tax under the said Act.

(2) For the removal of doubts, it is hereby declared that nothing in sub-section (1) shall be construed as preventing any person claiming refund of any tax paid by him in excess of the amount due from him under the Kerala Agricultural Income Tax Act, 1991 as amended by the Kerala Finance Act, 2000".

(15) In clause 4, after the newly added sub-clause (6), the following sub-clause shall be inserted, namely :-

"(7) Where an assessee who was in arrears of tax or other amount under the Kerala Agricultural Income Tax Act, 1991 relating to any period up to 31st March 1997, has paid such tax or other amount with reduced interest as specified in sub-section (1) of section 37 A on or before the 31st day of March 2000, he shall be deemed to have made the payment in accordance with the provisions of section 37 A as it stood as on the 31st day of January 2000".

ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മി. സ്പീക്കർ : ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

Minister for Finance (**Shri.T. Sivadasa Menon**) :-

Sir, I move the following amendment :

(1) For sub-clause (2) of clause I the following sub-clause shall be substituted namely:-

"(2) Sub-section (5) of section 2 and sub-section (2) of section 4 shall be deemed to have come into force on the 1st day of April, 1993, sub-section (4) of section 4 shall be deemed to have come in to force on the first day of April, 1991. Sub-section (1) and sub-section (3) of section 4 shall come into force on the 1st day of April, 2001 and the remaining provisions shall be deemed to have come into force on the 1st day of April 2000".

ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മി. സ്പീക്കർ : ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2000-ത്തിലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : 2000-ത്തിലെ കേരള ധനകാര്യബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയം സഭ അംഗീകരിക്കുകയും ബഹളത്തിനിടയിൽ ബിൽ പാസ്സാക്കുകയും ചെയ്തു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : ഇനി സഭ മുമ്പാകെ വയ്ക്കാൻ ഗവൺമെന്റിന് തൽക്കാലം മറ്റു ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

മി. സ്പീക്കർ : സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.
(സഭ ഉച്ചയ്ക്കുശേഷം 1.15-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. 683/Table: 1/2000/Leg. Dated, Thiruvananthapuram, 22nd July, 2000

In exercise of the powers conferred by sub-clause (a) of Clause 2 of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Fourteenth Session of the Tenth Kerala Legislative Assembly with effect from July 17, 2000 at the conclusion of its setting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം 2-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പത്താം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം 2000 ജൂലായ് 17-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിപ്പിച്ചിരുന്നു.

By order of the Governor,
Dr. N.K. JAYAKUMAR,
Secretary

Legislative Assembly

936/2010

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

പത്താം കേരള നിയമസഭ
ബിൽ നമ്പർ 249

2000-ത്തിലെ കേരള ധനകാര്യ ബിൽ

2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേരള ഗവൺമെന്റിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേരള ഗവൺമെന്റിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകേണ്ടത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിഒന്നാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു.—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റ്റ്റിന് 2000-ത്തിലെ കേരള ധനകാര്യ ആക്റ്റ്റ് എന്ന് പേർ പറയാം.

(2) ഇത് 2000 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. 1963-ലെ 15-ാം ആക്റ്റ്റിന്റെ ഭേദഗതി.- 1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്റ്റ്റിൽ (1963-ലെ 15),—

(1) 5-ാം വകുപ്പിൽ, —

(i) (1)-ാം ഉപവകുപ്പിന്റെ (v)-ാം ഖണ്ഡത്തിൽ മൂന്നാം ക്ലിപ്ത നിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്. അതായത്:—

"എന്നു തന്നെയുമല്ല, രജിസ്റ്റർ ചെയ്ത ഒരു വ്യാപാരിക്ക്, വില്പനയ്ക്കായി സംസ്ഥാനത്തിനകത്ത് ആദ്യ വില്പന നടത്തുന്ന ഒരു വ്യാപാരി നികുതി നൽകേണ്ടാത്ത പക്ഷം, സംസ്ഥാനത്തിനകത്ത് തുടർന്നു വിൽപന നടത്തുന്ന വ്യാപാരി അഞ്ചാം പട്ടികയിൽ (4)-ാം കോളത്തിൽ കാണിച്ചിരിക്കുന്ന നിരക്കിൽ നികുതി നൽകേണ്ടതും അഞ്ചാം പട്ടികയിൽ വരുന്ന എതെങ്കിലും ചരക്കിന് സംസ്ഥാനത്തിനകത്ത് രണ്ടു ഘട്ട വിൽപന ഇല്ലാതിരിക്കുകയും, തുടർന്നുള്ള വില്പന, രജിസ്റ്റർ ചെയ്ത വ്യാപാരി അല്ലാത്ത ഒരു ആൾക്ക് ആയിരിക്കുകയോ അഥവാ വിൽപ്പനക്കല്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

രജിസ്റ്റർ ചെയ്ത ഒരു വ്യാപാരിക്ക് ആയിരിക്കുകയോ ചെയ്യുന്നപക്ഷം അങ്ങനെയുള്ള വില്പനകൾക്ക് ആ പട്ടികയുടെ (8)-ാം കോളത്തിൽ വിനിർദ്ദേശിച്ചിരിക്കുന്ന നികുതി ബാധകമാകുന്നതുമാണ്".

(ii) (2 സി) ഉപവകുപ്പിൽ (i)-ാം ഖണ്ഡത്തിലെ (എ) ഉപഖണ്ഡത്തിൽ "ക്രമനമ്പർ 97" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "ക്രമനമ്പർ 108" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ് ;

(iii) (3)-ാം ഉപവകുപ്പിൽ,—

(എ) (i)-ാം ഖണ്ഡത്തിൽ,—

(i) ഒന്നാം ക്ലിപ്ത നിബന്ധന വിട്ടുകളയേണ്ടതാണ് ;

(ii) രണ്ടാം ക്ലിപ്ത നിബന്ധനയിൽ, "എന്നിരുന്നാലും" എന്ന വാക്കിനുപകരം "എന്നാൽ" എന്ന വാക്ക് ചേർക്കേണ്ടതാണ് ;

(ബി) (ii)-ാം ഖണ്ഡത്തിൽ,—

(i) "രണ്ടാം ക്ലിപ്ത നിബന്ധന" എന്ന വാക്കുകൾക്ക് പകരം "ക്ലിപ്ത നിബന്ധന" എന്ന വാക്ക് ചേർക്കേണ്ടതാണ് ;

(ii) "ഈ ആക്റ്റ് പ്രകാരം നികുതി കൊടുക്കേണ്ടതല്ലാത്ത ഏതെങ്കിലും സാധനങ്ങളുടെ ഉല്പാദനത്തിന് അവ ഉപയോഗിക്കുകയോ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

(2) 7-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ, നിലവിലുള്ള ക്ലിപ്ത നിബന്ധനകൾക്കു ശേഷം താഴെപറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത് ;—

"എന്നുതന്നെയുമല്ല, അങ്ങനെയുള്ള വ്യാപാരി, പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും വ്യാപാരമോ, സ്വർണ്ണം, വെള്ളി ആഭരണങ്ങളോ പാത്രങ്ങളോ സംബന്ധിച്ച വ്യാപാരത്തിന്റെ ഒരു ശാഖയോ ആ വർഷം ആർജ്ജിക്കുന്ന പക്ഷം അതൊരു സ്വതന്ത്ര വ്യാപാരമായിരുന്നാലെന്നതുപോലെ ഈ ഖണ്ഡത്തിലെ വ്യവസ്ഥകൾക്കനുസൃതമായി, അതതു സംഗതിപോലെ ആ വ്യാപാരത്തെ സംബന്ധിച്ച് മുൻവർഷത്തെ കണക്കുകളിലോ റിട്ടേണിലോ സമ്മതിച്ചുതന്ന ടേൺ ഓവർ കണക്കിലെടുത്തോ, രണ്ടും മൂന്നും ക്ലിപ്ത നിബന്ധനകൾക്കനുസൃതമായി മുൻ വർഷത്തേക്ക് കമ്പൗണ്ട് ചെയ്ത നിശ്ചയിച്ച നികുതി തുകയുടെ അടിസ്ഥാനത്തിലോ, അങ്ങനെയുള്ള വ്യാപാരത്തിന്റെ കാര്യത്തിൽ നൽകേണ്ട കംപൗണ്ട് ചെയ്ത നികുതിയുടെ തുക കണക്കാക്കേണ്ടതാണ് ;

(ii) (ബി) ഖണ്ഡത്തിൽ,—

(എ) (i)-ാം ഇനത്തിൽ "12,500 രൂപ" എന്ന അക്കങ്ങൾക്കും അക്ഷരങ്ങൾക്കും പകരം "15,000 രൂപ" എന്ന അക്കങ്ങളും അക്ഷരങ്ങളും ചേർക്കേണ്ടതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) (ii)-ാം ഇനത്തിൽ "25,000 രൂപ" എന്ന അക്കങ്ങൾക്കും അക്ഷരങ്ങൾക്കും പകരം "30,000 രൂപ" എന്ന അക്കങ്ങളും അക്ഷരങ്ങളും ചേർക്കേണ്ടതാണ് ;

(സി) (iii)-ാം ഇനത്തിൽ "50,000 രൂപ" എന്ന അക്കങ്ങൾക്കും അക്ഷരങ്ങൾക്കും പകരം "60,000 രൂപ" എന്ന അക്കങ്ങളും അക്ഷരങ്ങളും ചേർക്കേണ്ടതാണ്;

(3) 14-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) (എ) ഇനത്തിനെതിരെ "നൂറ്" എന്ന വാക്കിനു പകരം "ഇരുനൂറ്റി അൻപത്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) (ബി) ഇനത്തിനെതിരെ "ഇരുനൂറ്റി അൻപത്"എന്ന വാക്കുകൾക്ക് പകരം "അഞ്ഞൂറ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (3)-ാം ഉപവകുപ്പിൽ, "അൻപത് രൂപ" എന്ന വാക്കുകൾക്ക് പകരം "നൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(4) 15-ാം വകുപ്പിൽ,—

(i) (4)-ാം ഉപവകുപ്പിൽ, "അൻപത് രൂപ" എന്ന വാക്കുകൾക്ക് പകരം "നൂറ് രൂപ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്. ;

(ii) (6)-ാം ഉപവകുപ്പിൽ "അൻപത് രൂപ" എന്ന വാക്കുകൾക്ക് പകരം "നൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ.്;

(5) 17-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്,—

"17എ. തീർപ്പാകാത്തതായി കരുതപ്പെടുന്ന ചില സംഗതികളുടെ നിർണ്ണയമോ പുനർനിർണ്ണയമോ.—17-ാം വകുപ്പിലോ 18-ാം വകുപ്പിലോ, അഥവാ ഏതെങ്കിലും കോടതിയുടേയോ ട്രൈബ്യൂണലിന്റേയോ മറ്റു അധികാര സ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും 1993 ഏപ്രിൽ 1-ാം തീയതിക്ക് മുൻപുള്ള ഏതെങ്കിലും കാലയളവിനെ സംബന്ധിച്ചുള്ള ആ വർഷത്തെ റിട്ടേണോ ടേൺ ഓവറോ ഫയൽ ചെയ്തിരിക്കുകയോ നിർദ്ദിഷ്ടഫാറത്തിൽ വ്യാപാരിക്ക് നോട്ടീസ് നൽകിയിട്ടുണ്ടായിരിക്കുകയും അതിനെ സംബന്ധിച്ചുള്ള നിർണ്ണയം പൂർത്തീകരിക്കപ്പെടാതിരിക്കുകയും ചെയ്യുകയാണെങ്കിലും ഏതെങ്കിലും സംഗതിയിലുള്ള നിർണ്ണയമോ പുനർ നിർണ്ണയമോ, അത് ആദ്യ നിർണ്ണയത്തിന്റെ സംഗതിയിൽ ആ വർഷത്തേയ്ക്കോ ഒരു പുനർനിർണ്ണയത്തിന്റെ സംഗതിയിൽ 1999 മാർച്ച് 31-നോ അതിനു മുൻപോ അപ്രകാരമുള്ള പുനർനിർണ്ണയത്തിന് കാരണമാകുന്ന, അപ്പലേറ്റ് അഥവാ റിവിഷണൽ അതോറിറ്റിയുടെ ഉത്തരവ് ലഭിച്ചിട്ടുണ്ടായിരിക്കുകയും, അപ്രകാരമുള്ള പുനർനിർണ്ണയം തീർപ്പാകാതെ

LIBRARY ARCHIVES Kerala Legislative Assembly

അവശേഷിക്കുകയും ചെയ്യുകയാണെങ്കിൽ, അപ്രകാരമുള്ള നിർണ്ണയമോ പുനർനിർണ്ണയമോ പൂർത്തീകരിക്കപ്പെടാതെ അവശേഷിക്കുന്നതായി കരുതപ്പെടേണ്ടതാണ്.";

(6) 40-ാം വകുപ്പിൽ, "37-ാം വകുപ്പ് പ്രകാരമുള്ള റവന്യൂ ബോർഡിനാൽ" എന്ന അക്കങ്ങൾക്കും വാക്കുകൾക്കും പകരം "37-ാം വകുപ്പോ 59 എ വകുപ്പ് പ്രകാരം" എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

(7) 42-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"42 എ. ഇടക്കാല അപേക്ഷകൾക്കുള്ള ഫീസ്.— സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാർ സമർപ്പിക്കുന്നവ ഒഴികെ സർക്കാർ നിർണ്ണയിച്ചതും ഈ ആക്റ്റ് പ്രകാരം താഴെ വിനിർദ്ദേശിച്ചിട്ടുള്ള അധികാരസ്ഥാനങ്ങൾക്ക് മുൻപാകെ ഫയൽ ചെയ്യപ്പെടുന്നതുമായ എല്ലാ ഇടക്കാല അപേക്ഷകളോടും ഒപ്പം താഴെപ്പറയും പ്രകാരമുള്ള ഫീസ് അടയ്ക്കേണ്ടതാണ്, അതായത്:—

(എ) അപ്പലേറ്റ് അസിസ്റ്റന്റ് കമ്മീഷണറുടേയോ ഡെപ്യൂട്ടി കമ്മീഷണറുടെയോ മുൻപാകെ : നൂറ് രൂപ

(ബി) കമ്മീഷണറുടെയോ അപ്പലേറ്റ് ട്രൈബ്യൂണലിന്റെയോ മുൻപാകെ : ഇരുന്നൂറ്റി അൻപത് രൂപ

(8) 45 എ. വകുപ്പിൽ (5എ) ഉപവകുപ്പിൽ "നൂറ്" "ഇരുനൂറ്റി അൻപത്" എന്നീ വാക്കുകൾക്കുപകരം യഥാക്രമം "ഇരുനൂറ്" "അഞ്ഞൂറ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(9) 45 എ എ. വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"45 ബി. രേഖകൾ ഇല്ലാതെ സാധനങ്ങൾ കടത്തുന്നതിനുള്ള പിഴ.— (1) 29 എ വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥൻ ഏതെങ്കിലും വാഹനത്തിന്റേയോ ഉരുവിന്റെയോ പരിശോധനയിൽ ഏതെങ്കിലും ട്രാൻസ്പോർട്ടിംഗ് ഏജൻസിയോ കോൺട്രാക്റ്റ് ക്യാരേജോ 29-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ ആവശ്യപ്പെട്ടിരിക്കുന്ന മതിയായ രേഖകളില്ലാതെ ഏതെങ്കിലും സാധനങ്ങൾ കടത്തുന്നത് കണ്ടുപിടിക്കുകയാണെങ്കിൽ 29എ വകുപ്പ് പ്രകാരം എടുത്തേക്കാവുന്ന നടപടിയെ ബാധിക്കാത്തവിധം അങ്ങനെയുള്ള ഉദ്യോഗസ്ഥൻ, രേഖാമൂലമുള്ള ഉത്തരവിനാൽ അങ്ങനെയുള്ള ട്രാൻസ്പോർട്ടിംഗ് ഏജൻസിയുടെയോ, കോൺട്രാക്റ്റ് കാര്യേജിന്റെയോ വാഹന ഉടമയുടേയോമേൽ ഏറ്റവും കുറഞ്ഞത് അയ്യായിരം രൂപ എന്നതിന് വിധേയമായി അങ്ങനെയുള്ള ചരക്കിന് ബാധകമാകുന്ന നികുതിയുടെ രണ്ടിരട്ടി പിഴ ചുമത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) (1)-ാം ഉപവകുപ്പു പ്രകാരം ഒരു ട്രാൻസ്പോർട്ടിംഗ് ഏജൻസി അഥവാ കോൺട്രാക്റ്റ് ക്യാരേജ് അല്ലെങ്കിൽ ആ വാഹനത്തിന്റേയോ ഉരുവിന്റേയോ ഉടമസ്ഥൻ തുടർന്ന് ഒന്നിലധികം അവസരങ്ങളിൽ (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന കുറ്റത്തിന് ശിക്ഷാർഹൻ ആകുന്നുപക്ഷം, തുടർന്നുള്ള അവസരത്തിൽ ആ കുറ്റത്തിന് ഉപയോഗിച്ചത് ഒരേ വാഹനംതന്നെ ആണെങ്കിലും അല്ലെങ്കിലും ആ ഉപവകുപ്പിൽ പരാമർശിക്കുന്ന ഉദ്യോഗസ്ഥന് പ്രസ്തുത ഉപവകുപ്പിൻ കീഴിൽ ചുമത്താവുന്ന പിഴയ്ക്കു പുറമേ രേഖാമൂലമുള്ള ഒരു ഉത്തരവിനാൽ ആ വാഹനമോ ഉരുവോ പരിശോധിച്ച തീയതി മുതൽ മുപ്പത് ദിവസത്തേയ്ക്ക് തടഞ്ഞുവയ്ക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പു പ്രകാരം തടഞ്ഞുവയ്ക്കപ്പെട്ട വാഹനമോ ഉരുവോ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥലത്ത് വാഹനം തടഞ്ഞുവച്ച ഉദ്യോഗസ്ഥൻ സുരക്ഷിതമായി കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പു പ്രകാരമോ (2)-ാം ഉപവകുപ്പുപ്രകാരമോ ഉള്ള യാതൊരു ഉത്തരവും അങ്ങനെയുള്ള ഉത്തരവ് ബാധകമാകുന്ന ആളിന് പറയാനുള്ളത് ബോധിപ്പിക്കാൻ അവസരം കൊടുക്കാതെ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(5) ഈ വകുപ്പു പ്രകാരം തടഞ്ഞുവയ്ക്കപ്പെട്ട വാഹനമോ ഉരുവോ തടഞ്ഞുവയ്ക്കപ്പെട്ട തീയതി മുതൽ 30 ദിവസത്തിനുശേഷം ആരിൽ നിന്നാണോ പിടിച്ചെടുത്തത് അയാൾക്ക് വിട്ടുകൊടുക്കേണ്ടതാണ്.

വിശദീകരണം.— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി ട്രാൻസ്പോർട്ട് ഏജൻസി എന്നതിൽ പാഴ്സൽ ഏജൻസിയും ഉൾപ്പെടുന്നതാകുന്നു."

(10) 59 എ വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് : -

"59 എ സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നതിന് വാണിജ്യനികുതി കമ്മീഷണർക്കുള്ള അധികാരം— (1) ഈ ആക്ടിന്റെ ആവശ്യത്തിലേയ്ക്കായി ഏതെങ്കിലും അപ്പലേറ്റ് അഥവാ റിവിഷണൽ അതോറിറ്റിയുടേയോ, ഏതെങ്കിലും കോടതിയുടേയോ അഥവാ ട്രൈബ്യൂണലിന്റേയോ മുൻപാകെയുള്ളവ ഒഴികെ താഴെ പറയുന്ന കാര്യങ്ങളിൽ അതായത്,—

(എ) ഏതെങ്കിലും ആൾ ഒരു വ്യാപാരി ആണോ ; അഥവാ

(ബി) ഏതെങ്കിലും ഇടപാട് ഒരു വിൽപ്പനയാണോ ; അഥവാ

(സി) ഏതെങ്കിലും ഒരു വ്യാപാരി രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണോ ; അഥവാ

(ഡി) ഏതെങ്കിലും വില്പനയോ വാങ്ങലോ സംബന്ധിച്ച് ഏതെങ്കിലും നികുതി നൽകേണ്ടതുണ്ടോ എന്നോ, നികുതി നൽകേണ്ടതുണ്ടെങ്കിൽ, ആയതിന്റെ ഘട്ടവും നിരക്കും ഏതെന്നോ; അഥവാ.

(ഇ) ഏതെങ്കിലും ചരക്കിൽ നടത്തുന്ന ഏതെങ്കിലും പ്രവർത്തനം ചരക്കുൽപ്പാദനമാകുകയോ ആയതിൽ കലാശിക്കുകയോ ചെയ്യുന്നുണ്ടോ; എന്നോ സംബന്ധിച്ച് തർക്കം ഉണ്ടാകുന്നതായാൽ;

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയുള്ള തർക്കം ഒരു വ്യാപാരിയുടെയോ മറ്റേതെങ്കിലും ആളുടെയോ അപേക്ഷയിന്മേൽ വാണിജ്യ നികുതി കമ്മീഷണർ തീർപ്പാക്കേണ്ടതാണ്.

(2) വാണിജ്യ നികുതി കമ്മീഷണർ, തർക്കകക്ഷികൾക്ക് അവരുടെ കേസ്, അവതരിപ്പിക്കാനും തെളിവുകൾ ഹാജരാക്കാനും ന്യായമായ അവസരം കൊടുത്തതിനുശേഷം അങ്ങനെയുള്ള തെളിവുകൾ പരിഗണിക്കുകയും കക്ഷികളെ കേൾക്കുകയും ചെയ്തശേഷം പ്രശ്നം തീരുമാനിക്കേണ്ടതാണ്.

(3) ഒരു വ്യാപാരിയോ മറ്റേതെങ്കിലും ആളോ (1)-ാം ഉപവകുപ്പു പ്രകാരം നൽകുന്ന അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും 500 രൂപ ഫീസ് സഹിതവും ആയിരിക്കേണ്ടതാണ്.

(4) ഈ ആക്റ്റിൻ കീഴിലോ ഏതെങ്കിലും മുൻ നിയമത്തിൻ കീഴിലോ നേരത്തേ പുറപ്പെടുവിച്ച ഉത്തരവിൽനിന്നോ രേഖപ്പെടുത്തിയ ഏതെങ്കിലും നടപടിയിൽനിന്നോ ഉണ്ടാവിക്കുന്ന അത്തരം യാതൊരു പ്രശ്നവും (1)-ാം ഉപവകുപ്പുപ്രകാരം തീരുമാനത്തിനായി പരിഗണിക്കപ്പെടാൻ പാടില്ലാത്തതാകുന്നു.

(5) (1)-ാം ഉപവകുപ്പുപ്രകാരം വാണിജ്യ നികുതി കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവും 40-ാം വകുപ്പിന്റെ വ്യവസ്ഥകൾക്ക് വിധേയമായി അന്തിമമായിരിക്കുന്നതും അപേക്ഷകനും, അപ്പലേറ്റ് അസിസ്റ്റന്റ് കമ്മീഷണർ ഉൾപ്പെടെ കമ്മീഷണർക്ക് കീഴിലുള്ള എല്ലാ അധികാരസ്ഥാനങ്ങൾക്കും ബാധകമായിരിക്കുന്നതുമാണ്:

എന്നാൽ വാണിജ്യ നികുതി കമ്മീഷണറുടെ തീരുമാനം, അങ്ങനെയുള്ള തീരുമാനത്തിനു മുൻപ് നടന്നതായ ഏതെങ്കിലും വില്പനയോ വാങ്ങലോ സംബന്ധിച്ച് ഏതെങ്കിലും ആളിന്റെ ബാദ്ധ്യതകളെ ബാധിക്കുന്നതല്ലാത്തുമാകുന്നു."

(11) ഒന്നാം പട്ടികയിൽ

(i) ക്രമനമ്പർ 13-നെതിരെയുള്ള ഉൾക്കുറിപ്പിൽ (4)-ാം കോളത്തിൽ, "12" എന്ന അക്കങ്ങൾക്കു പകരം '15' എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ് ;

(ii) ക്രമനമ്പർ 25-ന്റെ വിശദീകരണം വിട്ടുകളയേണ്ടതാണ് ;

(iii) ക്രമനമ്പർ 27-നെതിരായുള്ള ഉൾക്കുറിപ്പിൽ, (4)-ാം കോളത്തിൽ '12' എന്ന അക്കങ്ങൾക്കു പകരം '15' എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്;

(iv) ക്രമനമ്പർ 31-നെതിരെയുള്ള ഉൾക്കുറിപ്പിൽ, (4)-ാം കോളത്തിൽ '8' എന്ന അക്കത്തിനു പകരം '4' എന്ന അക്കം ചേർക്കേണ്ടതാണ്.;

(v) ക്രമനമ്പർ 37-നെതിരെയുള്ള ഉൾക്കുറിപ്പിൽ,-

(എ) (2)-ാം കോളത്തിൽ "ഗ്രാമ്പും, ജാതിക്കായും ജാതിപത്രിയും" എന്ന വാക്കുകൾക്ക് പകരം "ഗ്രാമ്പും ജാതിക്കായും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) (4)-ാം കോളത്തിൽ, രണ്ടു സ്ഥലങ്ങളിൽ '8' എന്ന അക്കത്തിന് പകരം '4' എന്ന അക്കം ചേർക്കേണ്ടതാണ്;

(vi) ക്രമനമ്പർ 54-നെതിരെയുള്ള ഉൾക്കുറിപ്പിൽ, (2)-ഉം (3) ഉം (4)ഉം കോളങ്ങളിൽ താഴെപ്പറയുന്ന ഉൾക്കുറിപ്പുകൾ യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

"(i)	ഇലക്ട്രിക്കൽ സാധനങ്ങൾ, ഉപകരണങ്ങൾ, സാമഗ്രികൾ, അപ്ലയൻസ്, ഹോട്ട്പ്ലേറ്റുകൾ, പ്രകാശത്തിനുള്ള ബൾബുകൾ, ഇലക്ട്രിക്കൽ എർത്തേണ്ട വെയർ, ചീനകളിമൺ പിഞ്ഞാണവും മറ്റ് എല്ലാ അക്സസറികളും ഘടകഭാഗങ്ങളും മൊത്തമായോ ഭാഗങ്ങളായോ വില്ക്കുമ്പോൾ (ഈ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളവയൊഴികെ)	ടി	8
(ii)	ഫാനുകൾ, ഗ്രൈൻറുകൾ, മിക്സറുകൾ,കുക്കിംഗ് റേഞ്ചുകൾ, വാട്ടർഹീറ്ററുകൾ എന്നിവ പോലുള്ള ഇലക്ട്രിക് ഉപകരണങ്ങൾ.	ടി	12
(iii)	ഇലക്ട്രിക്കൽ വയറിംഗ് കേബിളുകൾ	ടി	12"

(vii) ക്രമനമ്പർ 78 നെതിരെയുള്ള ഉൾക്കുറിപ്പിൽ, (4)-ാം കോളത്തിൽ രണ്ട് സ്ഥലങ്ങളിൽ '8' എന്ന അക്കത്തിനുപകരം '4' എന്ന അക്കം ചേർക്കേണ്ടതാണ് ;

(viii) ക്രമനമ്പർ 83-നും അതിനെതിരെയുള്ള ഉൾക്കുറിപ്പിനും ശേഷം താഴെപ്പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പും യഥാക്രമം ചേർക്കേണ്ടതാണ്, അതായത് ;

"83 എ ജാതിപത്രി

(എ)	സംസ്ഥാനത്തിനകത്ത് നിന്ന് വാങ്ങുമ്പോൾ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വാങ്ങലിന്റെ ഘട്ടത്തിൽ.	8
(ബി)	സംസ്ഥാനത്തിന് വെളിയിൽനിന്നും കൊണ്ടുവന്നാൽ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ.	8 "

(ix) ക്രമനമ്പർ 103-നെതിരെയുള്ള ഉൾക്കുറിപ്പുകളിൽ,—

(എ) (2)-ാം കോളത്തിൽ, "പ്രൈമറുകളും തിന്നറുകളും പെയിന്റിംഗ് ബ്രഷുകളും" എന്ന വാക്കുകൾക്ക് പകരം "പ്രൈമറുകളും തിന്നറുകളും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) (4)-ാം കോളത്തിൽ "12" എന്ന അക്കങ്ങൾക്ക് പകരം "15" എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്.

(x) ക്രമനമ്പർ 107-നും അതിനെതിരെയുള്ള ഉൾക്കുറിപ്പുകൾക്കും ശേഷം താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

"103.	എ പെയിന്റ് ബ്രഷുകൾ	ടി	12"

(xi) ക്രമനമ്പർ 135-നെതിരെയുള്ള ഉൾക്കുറിപ്പിൽ,—

(2)-ാം കോളത്തിൽ, "ബുൾഡോസറുകളും" "ക്രെയിനുകളും മണ്ണ് നീക്കം ചെയ്യുന്ന മറ്റ് യന്ത്രങ്ങളും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(xii) ക്രമനമ്പർ 150-ൽ,—

(എ) (2)-ാം കോളത്തിലെ ഉൾക്കുറിപ്പ്, ആ ഉൾക്കുറിപ്പിലെ (i)-ാം ഇനമായി നമ്പർ ഇടേണ്ടതും, അങ്ങനെ നമ്പരിട്ട ഉൾക്കുറിപ്പിൽ "സംസ്ക്കരിച്ച തേയില" എന്ന വാക്കുകൾക്കു ശേഷം "(ii)-ാം ഇനത്തിൻകീഴിൽ വരുന്നവ ഒഴികെയുള്ള" എന്ന അക്കങ്ങളും ബ്രാക്കറ്റുകളും വാക്കുകളും ചേർക്കേണ്ടതാണ് ;

(ബി) അങ്ങനെ നമ്പരിട്ട (i)-ാം ഇനത്തിനും അതിനെതിരെ (2) ഉം, (3)ഉം (4) ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും അതിൻ കീഴിലുള്ള വിശദീകരണത്തിനും ശേഷം, താഴെ പറഞ്ഞിരിക്കുന്ന ഇനവും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

"(ii)	1958-ലെ ട്രേഡ് ആന്റ് മെർക്കൻഡൈസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ബ്രാൻഡ് നാമത്തിൽ വിൽക്കപ്പെടുന്ന തേയില.	ടി	8"

വിശദീകരണം.— ബ്രാൻഡ് ചെയ്യാത്ത തേയിലയ്ക്ക് സംസ്ഥാനത്ത് നികുതി ചുമത്തുകയും വസൂലാക്കുകയും ചെയ്തിട്ടുള്ള പക്ഷം, ബ്രാൻഡ് ചെയ്ത തേയിലയ്ക്ക് ഈ ഇനത്തിൻ കീഴിൽ നൽകേണ്ട നികുതിയിൽ നിന്നും അങ്ങനെ നൽകിയ നികുതി തുക കുറവു ചെയ്യേണ്ടതാണ്".

(xiii) ക്രമനമ്പർ 157-നെതിരെയുള്ള ഉൾക്കുറിപ്പിൽ (2)-ഉം (3)ഉം (4)ഉം കോളങ്ങളിൽ താഴെപ്പറയുന്ന ഉൾക്കുറിപ്പുകൾ പകരം ചേർക്കേണ്ടതാണ, അതായത് :—

"(i)	ട്രാക്ടറും പവ്വർ ടില്ലറും	ടി	4
(ii)	ട്രക്കിൽ ഘടിപ്പിച്ചിട്ടുള്ള മടക്കാവുന്ന ക്രെയിനുകൾ, പിക്ക് ആൻഡ് ക്യാരി ക്രെയിനുകൾ, ബുൾഡോസറുകൾ, എസ്കവേറ്ററുകളും മണ്ണ് നീക്കുന്ന മറ്റ് ഉപകരണങ്ങളും, വൈബ്രേറ്റിംഗ് കോംപാക്ടറുകൾ, വേവറുകൾ ന്യൂമാറ്റിക് ടയർ റോളറുകൾ, അവയുടെ ഘടകങ്ങളും, ഘടക ഭാഗങ്ങളും, സജ്ജീകരണങ്ങളും.	ടി	4"

LIBRARY ARCHIVES Kerala Legislative Assembly

(xiv) ക്രമനമ്പർ 159-നെതിരെ (4)-ാം കോളത്തിലെ ഉൾക്കുറിപ്പിൽ "8" എന്ന അക്കത്തിനുപകരം "4" എന്ന അക്കം ചേർക്കേണ്ടതാണ്;

(12) മൂന്നാം പട്ടികയിൽ, ക്രമനമ്പർ 38 നെതിരെയുള്ള ഉൾക്കുറിപ്പിനു പകരം, താഴെപറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"ഒന്നാം പട്ടികയിൽ വരുന്നതും കോഴി, താറാവ് എന്നിവയുടെ അല്ലാത്തതുമായ മാംസം";

(13) അഞ്ചാം പട്ടികയിൽ,—

(i) ക്രമനമ്പർ 3-ലെ (4) ഉം (6) ഉം (8) ഉം കോളങ്ങൾക്ക് എതിരെയുള്ള ഉൾക്കുറിപ്പുകളിൽ "10", "2", "12" എന്നീ അക്കങ്ങൾക്കുപകരം "12", "4", "16" എന്ന അക്കങ്ങൾ യഥാക്രമം ചേർക്കേണ്ടതാണ് ;

(ii) ക്രമനമ്പർ 6-ലെ (4) ഉം (6) ഉം (8) ഉം കോളങ്ങൾക്ക് എതിരെയുള്ള ഉൾക്കുറിപ്പുകളിൽ "10", "2", "12" എന്നീ അക്കങ്ങൾക്കുപകരം "12", "4", "16" എന്ന അക്കങ്ങൾ യഥാക്രമം ചേർക്കേണ്ടതാണ് ;

(iii) ക്രമനമ്പർ 7-ലെ (4) ഉം (6) ഉം (8) ഉം കോളങ്ങൾക്ക് എതിരെയുള്ള ഉൾക്കുറിപ്പുകളിൽ "10", "2", "12" എന്നീ അക്കങ്ങൾക്കുപകരം "12", "4", "16" എന്ന അക്കങ്ങൾ യഥാക്രമം ചേർക്കേണ്ടതാണ് ;

(iv) ക്രമനമ്പർ 10-ലെ (4) ഉം (6) ഉം (8) ഉം കോളങ്ങൾക്ക് എതിരെയുള്ള ഉൾക്കുറിപ്പുകളിൽ "10", "2", "12" എന്നീ അക്കങ്ങൾക്കുപകരം "12", "4", "16" എന്ന അക്കങ്ങൾ യഥാക്രമം ചേർക്കേണ്ടതാണ്.

3. 1976-ലെ 32-ാം ആക്റ്റിന്റെ ഭേദഗതി.—1976-ലെ കേരള ആഡംബര നികുതി ആക്റ്റിൽ (1976-ലെ 32) 8-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"9. വ്യവഹാരമദ്ധ്യേയുള്ള അപേക്ഷകളുടെ ഫീസ്.—ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള എല്ലാ വ്യവഹാരമദ്ധ്യേയുള്ള അപേക്ഷയും ഈ ആക്റ്റ് പ്രകാരം താഴെ പ്രത്യേകമായി പറഞ്ഞിട്ടുള്ള അധികാരികൾ മുൻപാകെ, ഗവൺമെന്റ് അധികാരപ്പെടുത്തിയിട്ടുള്ള ഓഫീസർമാർ സമർപ്പിക്കുന്നതൊഴികെ, താഴെപ്പറയുന്ന ഫീസോടൊപ്പം സമർപ്പിക്കേണ്ടതാണ്, അതായത്:—

(എ) അപ്പലേറ്റ് അതോറിറ്റി മുൻപാകെ നൂറ് രൂപ

(ബി) റിവിഷണൽ അതോറിറ്റി മുൻപാകെ ഇരുന്നൂറ്റി അൻപത് രൂപ"

4. 1991-ലെ 15-ാം ആക്റ്റിന്റെ ഭേദഗതി.—1991-ലെ കേരള കാർഷികാദായ നികുതി ആക്ടിൽ (1991-ലെ 15-ാം ആക്റ്റ്),—

(1) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ "മൂന്ന് ഹെക്ടർ" എന്ന വാക്കുകൾക്ക് പകരം 'അഞ്ച് ഹെക്ടർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(2) 9-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത് :—

"വിശദീകരണം.— കിഴിവ് സംബന്ധിച്ച വർഷത്തിൽ ഈ ഉപവകുപ്പ് പ്രകാരമുള്ള നിക്ഷേപം റിട്ടേൺ കൊടുക്കേണ്ട നിശ്ചിത ദിവസമോ അതിനു മുൻപോ നടത്തുകയാണെങ്കിൽ അങ്ങനെയുള്ള നിക്ഷേപം മുൻ വർഷത്തിൽ നടത്തിയതാണെന്ന് കരുതപ്പെടേണ്ടതാണ്;"

(3) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിലുള്ള,—

(i) (2)-ാം കോളത്തിന്റെ ശീർഷകത്തിൽ "ആദ്യത്തെ മൂന്ന് ഹെക്ടർ" എന്ന വാക്കുകൾക്ക് പകരം "ആദ്യത്തെ അഞ്ച് ഹെക്ടർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (3)-ാം കോളത്തിന്റെ ശീർഷകത്തിൽ "അടുത്ത അഞ്ച് ഹെക്ടറിന്", എന്ന വാക്കുകൾക്കു പകരം "അടുത്ത മൂന്ന് ഹെക്ടറിന്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(4) 39-ാം വകുപ്പിന്, താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

"വിശദീകരണം.— (6)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള രണ്ട് വർഷം സമയപരിധി റിട്ടേൺ നൽകിയിട്ടുള്ള നികുതിദായകന് മാത്രം ബാധകമാകുന്നതും അത് കണക്കാക്കിതുടങ്ങുന്നത് കാർഷികാദായ നികുതി ഓഫീസർ റിട്ടേൺ സ്വീകരിക്കുന്ന തീയതി മുതലായിരിക്കുന്നതുമാണ്. 35-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം റിട്ടേൺ സമർപ്പിക്കാൻ ബാദ്ധ്യസ്ഥരും, അങ്ങനെയുള്ള റിട്ടേൺ സമർപ്പിക്കാൻ വീഴ്ച വരുത്തുകയും ചെയ്തിട്ടുള്ളവരുടെ കാര്യത്തിൽ 41-ാം വകുപ്പ് പ്രകാരം നിർണ്ണയിച്ചിട്ടുള്ള സമയപരിധി ബാധകമാകുന്നതാണ്."

(5) 78-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"78 എ. വ്യവഹാരമദ്ധ്യേയുള്ള അപേക്ഷകളുടെ ഫീസ്.— ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള എല്ലാ വ്യവഹാരമദ്ധ്യേയുള്ള അപേക്ഷയും ഈ ആക്റ്റ് പ്രകാരം താഴെ പ്രത്യേകമായി പറഞ്ഞിട്ടുള്ള അധികാരികൾ മുൻപാകെ, ഗവൺമെന്റ് അധികാരപ്പെടുത്തിയിട്ടുള്ള ഓഫീസർമാർ സമർപ്പിക്കുന്നതൊഴികെ, താഴെപ്പറയുന്ന ഫീസോടൊപ്പം സമർപ്പിക്കേണ്ടതാണ്, അതായത്: —

(എ)	അപ്പലേറ്റ് അസിസ്റ്റന്റ് കമ്മീഷണർ മുൻപാകെ	നൂറ് രൂപ
(ബി)	ഡെപ്യൂട്ടി കമ്മീഷണർ മുൻപാകെ	നൂറ് രൂപ
(സി)	കമ്മീഷണർ അഥവാ അപ്പലേറ്റ് ട്രൈബ്യൂണൽ മുൻപാകെ	ഇരുന്നൂറ്റി അൻപത് രൂപ."

LIBRARY ARCHIVES Kerala Legislative Assembly

5. 1994-ലെ 15-ാം ആക്റ്റിന്റെ ഭേദഗതി.— 1994-ലെ കേരള തദ്ദേശ പ്രദേശങ്ങളിലേക്ക് സാധനങ്ങൾ പ്രവേശിക്കുന്നതിൻമേലുള്ള നികുതി ആക്റ്റിൽ (1994-ലെ 15),—

(1) 9-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"9എ. വാഹനത്തിന്റെ പരിശോധന.— (1) ആക്റ്റിലെ 3-ാം വകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, വാണിജ്യ നികുതി വകുപ്പിലെ അസിസ്റ്റന്റ് കമ്മീഷണറുടെ പദവിയിൽ കുറയാത്തതും ഗവൺമെന്റ് ഇതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഓഫീസർക്ക്, ഈ ആക്റ്റ് പ്രകാരം നികുതി അടയ്ക്കുന്നതിൽ നിന്ന് ഒഴിഞ്ഞുമാറിയിട്ടില്ല എന്ന് സ്വയം ബോദ്ധ്യപ്പെടുന്നതിന് ഏതൊരു മോട്ടോർ വാഹനവും തടഞ്ഞു നിർത്താവുന്നതും, (വാഹനത്തെ സംബന്ധിച്ച) രേഖകൾ പരിശോധിക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഓഫീസർ ആവശ്യപ്പെടുന്നപക്ഷം വാഹനത്തിന്റെ ഡ്രൈവർ ഏത് സ്ഥലത്തും അങ്ങനെയുള്ള ഓഫീസർമാർക്ക് രേഖകൾ പരിശോധിക്കാൻ സാഹയകമാകുംവിധം വാഹനം നിർത്തേണ്ടതാണ്.

(3) അങ്ങനെയുള്ള രേഖകളുടെ പരിശോധനയിൽ ചുമതലപ്പെട്ട ഓഫീസർക്ക് ഈ ആക്റ്റ് പ്രകാരം നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിഞ്ഞുമാറാൻ ശ്രമം നടന്നിട്ടുണ്ടെന്ന് ബോദ്ധ്യമാകുന്നപക്ഷം, ആ ഓഫീസർക്ക് വാഹനത്തിന്റെ ഉടമയോട് നേരിട്ടോ അല്ലെങ്കിൽ ആ വാഹനത്തിന്റെ ഡ്രൈവർ മുഖേനയോ ഈ ആക്ട് പ്രകാരം നികുതി അടയ്ക്കുന്നതിൽനിന്നും ഒഴിഞ്ഞുമാറാൻ ശ്രമം നടന്നിട്ടില്ല എന്ന് ബോദ്ധ്യപ്പെടുത്താൻ അങ്ങനെയുള്ള മറ്റേതെങ്കിലും തെളിവുകൾ നൽകാൻ ആവശ്യപ്പെടാവുന്നതാണ്.

(4) അങ്ങനെയുള്ള തെളിവുകൾ പരിഗണിക്കുമ്പോൾ അധികാരപ്പെടുത്തിയിട്ടുള്ള ഓഫീസർക്ക് ഈ ആക്ടുപ്രകാരമുള്ള നികുതി അങ്ങനെയുള്ള വാഹനത്തിന്മേൽ അടയ്ക്കേണ്ടതാണെന്ന് ബോദ്ധ്യമാകുന്ന പക്ഷം അദ്ദേഹം ഒരു രേഖാമൂലമുള്ള ഉത്തരവ് പ്രകാരം മോട്ടോർ വാഹനത്തിന്മേൽ അടയ്ക്കേണ്ടതായ നികുതി അടയ്ക്കാൻ വാഹന ഉടമയോട് നിർദ്ദേശിക്കേണ്ടതാണ്. എന്നാൽ വാഹനത്തിന്റെ ഉടമസ്ഥനോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തിയ ഏതെങ്കിലും വ്യക്തിക്കോ, പറയാനുള്ളത് ബോധിപ്പിക്കാൻ ന്യായമായ അവസരം നൽകാതെ അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

വിശദീകരണം.— ഈ വകുപ്പിന്റെ ആവശ്യത്തിലേക്കുവേണ്ടി 'ഉടമസ്ഥൻ' എന്നാൽ 1988-ലെ മോട്ടോർ വാഹന നിയമ (1988-ലെ 5-ാം കേന്ദ്ര ആക്റ്റ്) -ത്തിലെ 2-ാം വകുപ്പ് (30)-ാം ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ള ഉടമസ്ഥൻ എന്നായിരിക്കുന്നതാണ്."

LIBRARY ARCHIVES Kerala Legislative Assembly

(2) 13-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിൽ "നികുതിദായകൻ നൽകിയ അപ്പിൽ" എന്ന വാക്കുകൾക്ക് ശേഷം "ഇരുന്നൂറ് രൂപ ഫീസ് സഹിതം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(3) 14-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"14. വാണിജ്യനികുതി കമ്മീഷണർ സ്വമേധയാ എടുക്കുന്ന റിവിഷൻ:—

(1) വാണിജ്യ നികുതി കമ്മീഷണർക്ക്, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നികുതി പിരിവിന് പ്രതികൂലമായിരിക്കുന്ന അദ്ദേഹത്തിന്റെ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ നടപടികളുടെ രേഖകൾ അല്ലെങ്കിൽ ഏതെങ്കിലും ഉത്തരവ്, സ്വമേധയാ പരിശോധിക്കാവുന്നതും അതിന്മേൽ അദ്ദേഹത്തിന് ന്യായവും യുക്തമെന്നു തോന്നുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുമാണ്.

(2) താഴെപ്പറയുന്ന കാര്യങ്ങളിൽ.

(എ) നികുതി തിട്ടപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിന്മേൽ അപ്പീൽ നൽകുവാനുള്ള സമയപരിധി തീർന്നിട്ടില്ലെങ്കിൽ,

(ബി) അപ്പിൽ അധികാരിയുടേയോ വില്പന നികുതി ഡെപ്യൂട്ടി കമ്മീഷണറുടെയോ മുൻപാകെ ഏതെങ്കിലും കാര്യത്തെപ്പറ്റി അപ്പീൽ നൽകിട്ടുണ്ടെങ്കിൽ,

(സി) അതിൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് പുറപ്പെടുവിച്ച് നാലുവർഷം കഴിഞ്ഞിട്ടുണ്ടെങ്കിൽ,

1-ാം ഉപവകുപ്പ് പ്രകാരം കമ്മീഷണർ യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടില്ല.

(3) ഏതെങ്കിലും വ്യക്തിയെ പ്രതികൂലമായി ബാധിക്കുന്ന ഈ വകുപ്പ് പ്രകാരമുള്ള യാതൊരു ഉത്തരവും ആ വ്യക്തി പറയുവാനുള്ളത് ബോധിപ്പിക്കാൻ ന്യായമായ അവസരം നല്കാതെ പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

14 എ. അപേക്ഷയിന്മേൽ വാണിജ്യ നികുതി കമ്മീഷ്ണർക്ക് റിവിഷനുള്ള അധികാരങ്ങൾ.-(1) 13-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം വില്പന നികുതി ഡെപ്യൂട്ടി കമ്മീഷണർ പുറപ്പെടുവിച്ച ഉത്തരവിന്മേൽ സങ്കടമുള്ള ഏതൊരു വ്യക്തിക്കും, ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ 30 ദിവസത്തിനകം അങ്ങനെയുള്ള ഉത്തരവിൽ മാറ്റം വരുത്തിക്കിട്ടാൻ വാണിജ്യ നികുതി കമ്മീഷണർ മുൻപാകെ റിവിഷന് അപേക്ഷ സമർപ്പിക്കാവുന്നതാണ്:

എന്നാൽ, കമ്മീഷണർക്ക്, പ്രസ്തുത സമയപരിധി കഴിഞ്ഞു കിട്ടുന്ന അപേക്ഷയും, അപേക്ഷകൻ മേൽ പ്രസ്താവിച്ച സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കാതിരുന്നതിന് മതിയായ കാരണമുണ്ടെന്ന് അദ്ദേഹത്തിന് ബോദ്ധ്യം വരുന്നപക്ഷം അങ്ങനെയുള്ള അപേക്ഷ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) അത്തരം അപേക്ഷ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിലായിരിക്കേണ്ടതും അപ്രകാരം സത്യബോധപ്പെടുത്തിയിരിക്കേണ്ടതും അഞ്ഞൂറ് രൂപ ഫീസോടുകൂടി ആയിരിക്കേണ്ടതുമാണ്.

(3) റിവിഷനുള്ള അപേക്ഷ ഫയലിൽ സ്വീകരിക്കുമ്പോൾ, കമ്മീഷണർ, ഏത് ഉത്തരവിനെതിരെയാണോ അപേക്ഷ നല്കിയിട്ടുള്ളത് അവയുടെ രേഖകൾ വരുത്തി പരിശോധിക്കേണ്ടതും അല്ലെങ്കിൽ ഒരു അന്വേഷണം നടത്തുകയോ നടത്തിക്കുകയോ ചെയ്യേണ്ടതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അദ്ദേഹത്തിന് ന്യായമെന്നും യുക്തമെന്നും തോന്നുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

(4) ഏത് ഉത്തരവിനെതിരെയാണോ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ആ അപേക്ഷയോടൊപ്പം ആ ഉത്തരവിൻ പ്രകാരം നൽകേണ്ടതായ നികുതി, ഫീസ് അല്ലെങ്കിൽ മറ്റു തുകയും ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, കമ്മീഷണർക്ക് അദ്ദേഹത്തിന്റെ വിവേചനാധികാരം അനുസരിച്ച്, നിർണ്ണയിക്കപ്പെടുന്ന തരത്തിൽ അദ്ദേഹത്തിന് തൃപ്തികരമായ രീതിയിൽ അപേക്ഷകൻ ആവശ്യമായ ജാമ്യം നൽകുകയാണെങ്കിൽ നികുതി, ഫീസ് അല്ലെങ്കിൽ മറ്റ് തുക അടയ്ക്കുന്നത് സംബന്ധിച്ച് അദ്ദേഹത്തിന് ശരിയെന്ന് തോന്നുന്ന നിർദ്ദേശങ്ങൾ നല്കാവുന്നതാണ്.

(5) ഈ വകുപ്പ് അനുസരിച്ച് ഉള്ള യാതൊരു ഉത്തരവും, അത് പ്രതികൂലമായി ബാധിക്കുന്ന ആളിന്റെ ഭാഗം കേൾക്കാനുള്ള ന്യായമായ അവസരം നല്കാതെ പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

14. ബി. വ്യവഹാരമദ്ധ്യേയുള്ള അപേക്ഷകളുടെ ഫീസ്.—ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളതും ഈ ആക്റ്റുപ്രകാരം താഴെ പ്രത്യേകമായി പറഞ്ഞിട്ടുള്ള അധികാരികൾ മുൻപാകെ സമർപ്പിക്കുന്നതുമായ വ്യവഹാര മദ്ധ്യേയുള്ള എല്ലാ അപേക്ഷയും, ഗവൺമെന്റ് അധികാരപ്പെടുത്തിയ ഓഫീസർമാർ സമർപ്പിക്കുന്നതൊഴികെ, താഴെപ്പറയുന്ന ഫീസോടുകൂടി സമർപ്പിക്കേണ്ടതാണ്, അതായത്:—

(എ)	അപ്പലേറ്റ് അതോറിറ്റി മുൻപാകെ	നൂറു രൂപ
(ബി)	ഡെപ്യൂട്ടി കമ്മീഷണർ മുൻപാകെ	നൂറു രൂപ
(സി)	വാണിജ്യ നികുതി കമ്മീഷണർ മുൻപാകെ	ഇരുന്നൂറ്റി അൻപതു രൂപ

(4) പട്ടികയിൽ 21-ാം ക്രമനമ്പരിന്റെ ഉൾക്കുറിപ്പുകൾക്ക് ശേഷം താഴെപ്പറയുന്ന ക്രമനമ്പരുകളും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്. അതായത്:—

"22. മോട്ടോർ വാഹനത്തിന്റെ ചട്ടക്കൂട്
23. മോട്ടോർ വാഹനത്തിന്റെ ചട്ടക്കൂടിന് മുകളിൽ നിർമ്മിച്ച ബോഡി
24. ഫർണിച്ചർ-കൂട്ടി യോജിപ്പിച്ചതോ അല്ലാത്തതോ
25. എല്ലാ തരത്തിലുമുള്ള പെയിന്റുകൾ".

LIBRARY ARCHIVES Kerala Legislative Assembly

1985-ലെ കേരള താല്ക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരമുള്ള പ്രഖ്യാപനം

1985-ലെ കേരള താല്ക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരം ഈ ബില്ലിലെ എല്ലാ വ്യവസ്ഥകൾക്കും 2000, ഏപ്രിൽ ഒന്നാം തീയതി മുതൽ പ്രാബല്യം ഉണ്ടാകേണ്ടത് പൊതു താല്പര്യാർത്ഥം യുക്തമാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

ഉദ്ദേശകാരണങ്ങളുടെ വിവരണം

2000-2001 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിന് താഴെപ്പറയുന്ന നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനുദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ, അതായത്:—

1. 1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റ് (1963-ലെ 15)
2. 1976-ലെ കേരള ആഡംബരങ്ങളിന്മേലുള്ള നികുതി ആക്റ്റ് (1976-ലെ 32)
3. 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് (1991-ലെ 15)
4. 1994-ലെ കേരള തദ്ദേശപ്രദേശങ്ങളിലേക്ക് സാധനങ്ങൾ പ്രവേശിക്കുന്നതിന്മേലുള്ള നികുതി ആക്റ്റ് (1994-ലെ 15)

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ചുള്ള മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം (7)-ാം ഉപഖണ്ഡ പ്രകാരം ചേർത്തിരിക്കുന്ന 1963-ലെ കേരള പൊതു വില്പന നികുതി ആക്റ്റിലെ 42 എ വകുപ്പ് വ്യവഹാരമദ്ധ്യേയുള്ള അപേക്ഷകളുടെ സ്വഭാവവും, അതോടൊപ്പം ഫീസും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ളതാകുന്നു.

2. ബില്ലിലെ 2-ാം ഖണ്ഡം (9)-ാം ഉപഖണ്ഡ പ്രകാരം ചേർത്തിരിക്കുന്ന കേരള പൊതുവില്പന നികുതി ആക്റ്റിലെ 45 ബി വകുപ്പിന്റെ (3)-ാം ഉപവകുപ്പ്, (2)-ാം ഉപവകുപ്പുപ്രകാരം വാഹനമോ യാനപാത്രങ്ങളോ വാഹനം തടഞ്ഞു വയ്ക്കുന്ന ഉദ്യോഗസ്ഥന്റെ അധീനതയിൽ സുരക്ഷിതമായി ഏത് സ്ഥലത്ത് സൂക്ഷിക്കണമെന്ന് വിജ്ഞാപനം ചെയ്യാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ളതാകുന്നു.

3. ബില്ലിലെ 2-ാം ഖണ്ഡം (10)-ാം ഉപഖണ്ഡ പ്രകാരം പകരം ചേർത്തിരിക്കുന്ന കേരള പൊതു വില്പന നികുതി ആക്റ്റിലെ 59 എ വകുപ്പ് (3)-ാം ഉപവകുപ്പ് വാണിജ്യനികുതി കമ്മീഷണരിൽ നിന്നും സ്പഷ്ടീകരണം നേടുന്നതിനായി ഒരു വ്യാപാരിയുടെയോ മറ്റേതെങ്കിലും ആളിന്റെയോ

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിത്തനായുള്ള അപേക്ഷാഫാറം നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താനുദ്ദേശിച്ചുള്ളതാകുന്നു.

4. ബില്ലിലെ 3-ാം ഖണ്ഡ പ്രകാരം ചേർത്തിരിക്കുന്ന 1976-ലെ കേരള ആഡംബരങ്ങളിന്മേലുള്ള നികുതി ആക്റ്റിലെ 9-ാം വകുപ്പ് വ്യവഹാര മദ്ധ്യേയുള്ള അപേക്ഷകളുടെ സ്വഭാവവും അതോടൊപ്പം നൽകേണ്ട ഫീസും നിശ്ചയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ളതാകുന്നു.

5. ബില്ലിലെ 4-ാം ഖണ്ഡം (5)-ാം ഉപഖണ്ഡപ്രകാരം ചേർത്തിരിക്കുന്ന 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റിലെ 78 എ വകുപ്പ് വ്യവഹാര മദ്ധ്യേയുള്ള അപേക്ഷകളുടെ സ്വഭാവവും അതോടൊപ്പം നൽകേണ്ട ഫീസും നിശ്ചയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ളതാകുന്നു.

6. ബില്ലിലെ 5-ാം ഖണ്ഡം (1)-ാം ഉപഖണ്ഡ പ്രകാരം ചേർത്തിട്ടുള്ള 1994-ലെ കേരള തദ്ദേശ പ്രദേശങ്ങളിലേക്ക് സാധനങ്ങൾ പ്രവേശിക്കുന്നതിന്മേലുള്ള നികുതി ആക്റ്റിലെ 9 എ വകുപ്പ് വാണിജ്യ നികുതി വകുപ്പിലെ അസിസ്റ്റന്റ് കമ്മീഷണർ റാങ്കിൽ കുറയാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതിനും ഏത് വാഹനം തടയാനും, കൂടാതെ ഈ ആക്റ്റ് പ്രകാരം നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിഞ്ഞുമാറിയിട്ടില്ലാ എന്ന് അദ്ദേഹത്തിന് സ്വയം ബോദ്ധ്യപ്പെടുന്നതിനായി വാഹനം തടയാനും വാഹനത്തെ സംബന്ധിച്ച രേഖകൾ പരിശോധിക്കുവാനും അധികാരം നൽകാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ളതാകുന്നു.

7. ബില്ലിലെ 5-ാം ഖണ്ഡം (3)-ാം ഉപഖണ്ഡപ്രകാരം പകരം ചേർത്തിട്ടുള്ള കേരള തദ്ദേശ പ്രദേശങ്ങളിലേക്ക് സാധനങ്ങൾ പ്രവേശിക്കുന്നതിന്മേലുള്ള നികുതി ആക്റ്റിലെ 14 എ വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം വില്പന നികുതി ഡെപ്യൂട്ടി കമ്മീഷണർ 13-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് പുന:പരിശോധിക്കാനുള്ള രീതിയും അപേക്ഷാഫാറങ്ങളും കൂടാതെ അത് സത്യബോധപ്പെടുത്തുവാനുള്ള രീതിയും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണ്.

8. ബില്ലിലെ 5-ാം ഖണ്ഡം (3)-ാം ഉപഖണ്ഡപ്രകാരം പകരം ചേർത്തിരിക്കുന്ന കേരള തദ്ദേശ പ്രദേശങ്ങളിലേക്ക് സാധനങ്ങൾ പ്രവേശിക്കുന്നതിന്മേലുള്ള നികുതി ആക്റ്റിലെ 14 ബി വകുപ്പ്, വ്യവഹാര മദ്ധ്യേയുള്ള അപേക്ഷകളുടെ സ്വഭാവവും അതോടൊപ്പം നൽകേണ്ട ഫീസും നിശ്ചയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാകുന്നു.

മേൽ പറഞ്ഞ സംഗതികൾ ഭരണപരവും സാധാരണവുമായ സ്വഭാവത്തോടുകൂടിയതോ വിശദാംശങ്ങളെ സംബന്ധിച്ച കാര്യങ്ങളോ ആകുന്നു. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാകുന്നു.

ടി. ശിവദാസമേനോൻ

ശരിത്തർജ്ജമ

പി.മാധവൻകുട്ടി പണിക്കർ,
നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി.

LIBRARY ARCHIVES Kerala Legislative Assembly

1963-ലെ കേരള പൊതുവില്പന നികുതി അക്റ്റിൽ (1963-ലെ 15) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** ** **

5. സാധനങ്ങൾ വില്ക്കുകയോ വാങ്ങുകയോ ചെയ്യുന്നതിന് നികുതി ചുമത്തൽ.— (1) ഒരു വർഷത്തെ മൊത്തം വിറ്റുവരവ് രണ്ടുലക്ഷം രൂപയിൽ കുറയാത്ത ഏതൊരു വ്യാപാരിയും (വല്ലപ്പോഴും വ്യാപാരം ചെയ്യുന്ന ആളോ നിവാസേതര വ്യാപാരിയുടെ ഏജന്റോ അല്ലാത്ത) അഥവാ വാർഷിക വിറ്റുവരവ് തന്റെ മൊത്തവില്പനസംഖ്യ എത്രയായിരുന്നാലും വല്ലപ്പോഴും വ്യാപാരം ചെയ്യുന്ന ഏതൊരു ആളും നിവാസേതര വ്യാപാരിയുടെ ഏജന്റും തന്റെ ആ വർഷത്തേക്കുള്ള നികുതിക്ക് വിധേയമായ വിറ്റുവരവിന്മേൽ,

(i) ഒന്നാം പട്ടികയിലോ രണ്ടാം പട്ടികയിലോ പറഞ്ഞിട്ടുള്ള സാധനങ്ങളുടെ സംഗതിയിൽ പ്രസ്തുത പട്ടികകളിൽ അത്തരം സാധനങ്ങൾക്കെതിരെ കൊടുത്തിട്ടുള്ള നിരക്കിലും പോയിന്റുകളിൽ മാത്രവും ;

(ii) ** ** ** **

(iii) ഏതെങ്കിലും സാധനങ്ങൽ ഏതെങ്കിലും ആവശ്യത്തിനായി (ഒരു നിശ്ചിത കാലയളിവിലേക്കാണെങ്കിലും അല്ലെങ്കിലും) ഉപയോഗിക്കുന്നതിനുള്ള അവകാശം കൈമാറ്റം ചെയ്തിട്ടുള്ള സംഗതിയിൽ അത്തരം കൈമാറ്റത്തിന്റെ എല്ലാ പോയിന്റുകളിലും എട്ട് ശതമാനം നിരക്കിലും ;

(iv) (എ) വർക്സ് കോൺട്രാക്റ്റുകളുടെ നടത്തിപ്പിൽ ഉൾപ്പെടുന്ന സാധനങ്ങളുടെ കൈമാറ്റത്തിന്റെ സംഗതിയിൽ, കൈമാറ്റം സാധനങ്ങളുടെ രൂപത്തിലായിരിക്കുന്നിടത്ത്, ഒന്നാം പട്ടികയിലോ രണ്ടാം പട്ടികയിലോ അഞ്ചാം പട്ടികയിലോ അങ്ങനെയുള്ള സാധനങ്ങളുടെ നേരേ കാണിച്ചിരിക്കുന്ന നിരക്കുകളിലും പോയിന്റുകളിലും;

(ബി) നാലാം പട്ടികയിൽ പറഞ്ഞിട്ടുള്ള വർക്സ് കോൺട്രാക്റ്റുകളുടെ നടത്തിപ്പിൽ ഉൾപ്പെട്ടിട്ടുള്ള സാധനങ്ങളുടെ കൈമാറ്റത്തിന്റെ സംഗതിയിൽ (കൈമാറ്റം സാധനങ്ങളുടെ രൂപത്തിലല്ലാതെ മറ്റേതെങ്കിലും രൂപത്തിലായിരിക്കുമ്പോൾ) പ്രസ്തുത പട്ടികയിൽ അപ്രകാരമുള്ള കോൺട്രാക്റ്റിനെതിരെ കാണിച്ചിരിക്കുന്ന നിരക്കിലും ;

എന്നാൽ, യാതൊരു സംസ്ക്കരണമോ ഉല്പാദന പ്രക്രിയയോ കൂടാതെ കൈമാറ്റം ചെയ്യപ്പെട്ടതും സംസ്ഥാനത്തിനകത്ത് നടന്ന ഏതെങ്കിലും ആദ്യ വില്പനയിൽ (1)-ാം ഖണ്ഡപ്രകാരം നികുതി ചുമത്തപ്പെട്ടതോ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടതോ ആയ സാധനങ്ങളുടെ വിറ്റുവരവ് സംബന്ധിച്ച യാതൊരു നികുതിയും നൽകേണ്ടതില്ലാത്തതും അഞ്ചാം പട്ടികയിൽപ്പെടുന്നതും സംസ്ഥാനത്തിനകത്ത് നടന്ന മുൻ വില്പനയിൽ നികുതി ചുമത്തിയിട്ടുള്ളതുമായ സാധനങ്ങൾക്ക് ആദ്യവില്പനയ്ക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള യാതൊരു നികുതിയും നൽകേണ്ടതില്ലാത്തതുമാകുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

എന്നിരുന്നാലും, രണ്ടാം പട്ടികയിൻകീഴിൽ വകുന്നതും യാതൊരു സംസ്ക്കരണമോ ഉല്പാദന പ്രക്രിയയോ കൂടാതെ കൈമാറ്റം ചെയ്യപ്പെട്ടതുമായ സാധനങ്ങളുടെ വിറ്റുവരവിന്മേൽ നൽകേണ്ടതായ നികുതി പ്രസ്തുത പട്ടികയിൽ അപ്രകാരമുള്ള സാധനങ്ങൾക്ക് എതിരെ കാണിച്ചിട്ടുള്ള നിരക്കിനേക്കാൾ കൂടുതൽ ആകാൻ പാടില്ലാത്തതും അതിൽ പറഞ്ഞിട്ടുള്ള ഘട്ടങ്ങളിൽ മാത്രമായിരിക്കുന്നതുമാണ്.

(v) അഞ്ചാം പട്ടികയിൽ പറഞ്ഞിരിക്കുന്ന സാധനങ്ങളുടെ സംഗതിയിൽ പ്രസ്തുത പട്ടികയിൽ അത്തരം സാധനങ്ങൾക്കെതിരെ പറഞ്ഞിട്ടുള്ള നിരക്കുകളിലും രണ്ടു ഘട്ടങ്ങളിലും:

എന്നാൽ അഞ്ചാം പട്ടികയിൻകീഴിൽ വരുന്ന ഏതെങ്കിലും സാധനങ്ങൾക്ക് സംസ്ഥാനത്തിനുള്ളിൽ വില്പനയ്ക്ക് രണ്ടു ഘട്ടങ്ങൾ ഇല്ലാതിരിക്കുകയും ആദ്യ വില്പന രജിസ്റ്റർ ചെയ്ത വ്യാപാരിയല്ലാത്ത ഒരാൾക്ക് ആയിരിക്കുകയും ചെയ്യുന്നിടത്ത് അങ്ങനെയുള്ള വില്പനയ്ക്ക് ആ പട്ടികയിലെ (8)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള നിരക്ക് ബാധകമായിരിക്കുന്നതാണ്:

എന്നിരുന്നാലും, ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിയല്ലാത്ത ഒരാൾക്ക് സംസ്ഥാനത്തിനകത്ത് വച്ച് അവസാന വില്പന നടത്തുന്ന രജിസ്റ്റർ ചെയ്ത ഒരു വ്യാപാരി അയാളുടെ വിറ്റുവരവ് കണക്കാക്കാതെ അഞ്ചാം പട്ടികയിലെ, അതതു സംഗതിപോലെ, (6)-ാം കോളത്തിലോ (8)-ാം കോളത്തിലോ കാണിച്ചിട്ടുള്ള നരിക്കിൽ നികുതി നൽകേണ്ടതാണ്:

എന്നുതന്നെയുമല്ല, രജിസ്റ്റർ ചെയ്ത ഒരു വ്യാപാരി അഞ്ചാം പട്ടികയിലെ (4)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള നികുതി നൽകി സാധനങ്ങൾ വാങ്ങിയശേഷം,—

(എ) അപ്രകാരമുള്ള സാധനങ്ങൾ സംസ്ഥാനത്തിനകത്ത് വില്പനവഴിയല്ലാതെ മറ്റേതെങ്കിലും തരത്തിൽ ഉപയോഗിക്കുകയോ കയ്യൊഴിയുകയോ, അല്ലെങ്കിൽ

(ബി) അന്തർ സംസ്ഥാന വ്യാപാരമോ, വാണിജ്യമോ നടത്തുന്നതിനിടയിലുള്ള വില്പനയുടെ നേരിട്ടുള്ള ഫലമായല്ലാതെ സംസ്ഥാനത്തിന് പുറത്തുള്ള ഏതെങ്കിലും സ്ഥലത്തേയ്ക്ക് അവ അയയ്ക്കുകയോ ; ചെയ്താൽ

(സി) സാധനങ്ങളുടെ ക്രയവിലയിന്മേൽ അയാൾ പ്രസ്തുത പട്ടികയിലെ (6)-ാം കോളത്തിൽ കാണിച്ചിട്ടുള്ള നിരക്കിൽ നികുതി നൽകേണ്ടതാണ്.

(vi) ** ** ** **

എന്നാൽ, സംസ്ഥാനത്തിനകത്ത് തൊട്ടുമുൻപ് നടന്ന വില്പനയിൽ നികുതി ചുമത്തപ്പെട്ടുകഴിഞ്ഞ വിറ്റുവരവിന്റെ ഭാഗത്തിന് യാതൊരു നികുതിയും നൽകേണ്ടതില്ല:

എന്നിരുന്നാലും, രണ്ടാം പട്ടികയിൽ പറഞ്ഞിട്ടുള്ള സാധനങ്ങളുടെ വില്പനയോ വാങ്ങലോ സംബന്ധിച്ച ഈ ഉപവകുപ്പുപ്രകാരമോ 5 എ വകുപ്പു

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരമോ നികുതി ചുമത്തിയിരിക്കുകയും അങ്ങനെയുള്ള സാധനങ്ങൾ അന്തർസംസ്ഥാന വ്യാപാരത്തിനോ വാണിജ്യത്തിനോ ഇടയിൽ വില്ക്കപ്പെടുകയും ചെയ്യുന്നിടത്ത്, അപ്രകാരം ചുമത്തപ്പെട്ട നികുതി നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായും ആ ആളിന് തിരിച്ച് നൽകേണ്ടതാണ്.

(2) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സംസ്ഥാനത്ത് ട്രേഡ് മാർക്കോടുകൂടിയോ ബ്രാൻഡ് പേരോടുകൂടിയോ വില്ക്കുന്നതുമായ തേയില ഒഴികെയുള്ള ഏതെങ്കിലും വ്യവസായിക ഉല്പന്നങ്ങളുടെ സംഗതിയിൽ ബ്രാൻഡ് പേരിന്റെ ഉടമയോ അല്ലെങ്കിൽ ട്രേഡ്മാർക്കിന്റെ ഉടമയോ സംസ്ഥാനത്തിനകത്ത് നടത്തുന്ന വില്പന ഈ ആക്ടിന്റെ ആവശ്യത്തിലേക്കായി ആദ്യ വില്പന ആയിരിക്കുന്നതാണ്.

(2എ) (1)-ാം ഉപവകുപ്പുപ്രകാരം നികുതി നല്കാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഏതെങ്കിലും സാധനങ്ങൾ ഒരു ട്രേഡ് മാർക്കിന്റെയോ ബ്രാൻഡ് പേരിന്റെയോ കീഴിൽ വില്പനയ്ക്കുവേണ്ടി ട്രേഡ് മാർക്കിന്റെയോ ബ്രാൻഡ് പേരിന്റെയോ ഉടമയായ ആളിന് വില്ക്കുമ്പോൾ, അയാൾ ട്രേഡ് മാർക്കിന്റെയോ ബ്രാൻഡ് പേരിന്റെയോ ഉടമയിൽ നിന്നും നിർണ്ണയിക്കപ്പെട്ട ഫാറത്തിലുള്ള ഒരു പ്രഖ്യാപനം അസ്സസ്സിംഗ് അതോറിറ്റി മുൻപാകെ ഹാജരാക്കുകയാണെങ്കിൽ അങ്ങനെയുള്ള വ്യാപാരി പ്രസ്തുത ഉപവകുപ്പിൻ കീഴിൽ നികുതി നല്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതല്ല.

(2ബി) ഒരു ട്രേഡ് മാർക്കിന്റെയോ ബ്രാൻഡ് പേരിന്റെയോ ഉടമ (2എ) ഉപവകുപ്പുപ്രകാരം വാങ്ങിയ സാധനങ്ങൾ മറ്റേതെങ്കിലും സാധനങ്ങളുടെ ഉല്പാദനത്തിനുവേണ്ടി ഉപയോഗിക്കുകയോ അല്ലെങ്കിൽ സംസ്ഥാനത്തിനകത്തെ വില്പന മുഖാന്തിരമല്ലാതെ മറ്റേതെങ്കിലും രീതിയിൽ ഉപയോഗിക്കുകയോ കയ്യൊഴിയുകയോ അല്ലെങ്കിൽ അപ്രകാരമുള്ള സാധനങ്ങൾ അന്തർ സംസ്ഥാന വില്പന മുഖാന്തിരമല്ലാതെ സംസ്ഥാനത്തിന് വെളിയിലേക്കയ്ക്കുകയോ ചെയ്താൽ പ്രസ്തുത ട്രേഡ്മാർക്ക് അഥവാ ബ്രാൻഡ് പേരിന്റെ ഉടമ ആ വർഷത്തേക്കുള്ള അത്തരം ക്രയത്തെ സംബന്ധിച്ച് അയാളുടെ മൊത്തം വിറ്റുവരവിന്റെ തുക കണക്കാക്കാതെ തന്നെ നികുതി നല്കാൻ ബാദ്ധ്യസ്ഥനാണ്.

(2സി) (1) ഈ ആക്റ്റിലോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതൊരു വ്യാപാരിയും സാധനങ്ങളുടെ വിറ്റുവരവിന്മേൽ അതിൻ കീഴിൽ പറഞ്ഞിട്ടുള്ള പ്രകാരം വിറ്റുവരവ് നികുതി നൽകേണ്ടതാണ്. അതായത്:-

(എ) ഈ ആക്റ്റിന്റെ ഒന്നാം പട്ടികയിലെ 97-ാം ക്രമനമ്പരിൻ കീഴിലുള്ള വിശദീകരണത്തിൽ നിർവ്വചിച്ചിട്ടുള്ളതും ഒരു വർഷത്തെ മൊത്തം വിറ്റുവരവ് അൻപതു ലക്ഷത്തിൽ കവിയുകയും ചെയ്യുന്ന ഒരു എണ്ണക്കമ്പനി 1991 ഏപ്രിൽ 1-ാം തീയതി മുതൽ 1991 ജൂലായ് 31-ാം തീയതി വരെയുള്ള വിറ്റുവരവിന്റെ മൂന്നു ശതമാനം നിരക്കിലും അതിനുശേഷം വിറ്റുവരവിന്റെ 4 ശതമാനം നിരക്കിലും ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒന്നാം പട്ടികയിലെ 60-ാം ക്രമനമ്പരിനെതിരെ ചേർത്തിട്ടുള്ള ഉൾക്കുറിപ്പുകളിൽ പറഞ്ഞിട്ടുള്ള ഏതൊരു വിദേശമദ്യ വ്യാപാരിയും വിറ്റുവരവിൻമേൽ എല്ലാ ഘട്ടങ്ങളിലും അഞ്ചു ശതമാനം നിരക്കിലും ;

(സി) മുതൽ (ജി) വരെ ** ** **

എന്നാൽ, ഈ ഉപവകുപ്പുപ്രകാരം അപ്രകാരമുള്ള താഴെ പറയുന്ന അത്രയും ഭാഗത്തിന്മേലുള്ള വിറ്റുവരവിന്മേൽ നികുതി നൽകേണ്ടതില്ല.

(i) ** ** ** **

(ii) താഴെപ്പറയുന്നവയുമായി ബന്ധപ്പെട്ടവ :

(എ) അന്തർ സംസ്ഥാന വ്യാപാരത്തിനോ വാണിജ്യത്തിനോ ഇടയിലുള്ള സാധനങ്ങളുടെ വിൽപ്പന അഥവാ വാങ്ങൽ ;

(ബി) ഇന്ത്യയ്ക്ക് പുറത്തേക്കുള്ള കയറ്റുമതിക്കിടയിലുള്ള സാധനങ്ങളുടെ വില്പന അഥവാ വാങ്ങൽ അല്ലെങ്കിൽ ഇന്ത്യയിലേക്കുള്ള ഇറക്കുമതിക്കിടയിലുള്ള വില്പന അഥവാ വാങ്ങൽ ;

(സി) 10-ാം വകുപ്പുപ്രകാരമുള്ള വിജ്ഞാപനംമൂലം നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള വില്പന അഥവാ വാങ്ങൽ ;

(ഡി) വിറ്റ ചരക്കുകളുടെ വിലയിൽ ഉൾപ്പെടുത്താതെ വ്യാപാരി പ്രത്യേകമായി പറഞ്ഞിരിക്കുകയും ചാർജ് ചെയ്തിരിക്കുകയും ചെയ്തിട്ടുള്ള "കടത്തുകൂലി" എന്ന ശീർഷകത്തിൻ കീഴിൽ വരുന്ന എല്ലാ തുകകളും ;

(ഇ) വിറ്റ ചരക്കുകളുടെ വിലയിൽ ഉൾപ്പെടുത്താതെ, വ്യാപാരി പ്രത്യേകമായി പറഞ്ഞിരിക്കുകയും, ചാർജ് ചെയ്തിരിക്കുകയും ചെയ്തിട്ടുള്ള "വിതരണത്തിനുള്ള ചെലവുകൾ" എന്ന ശീർഷകത്തിൻകീഴിൽ വരുന്ന എല്ലാ തുകകളും ;

(എഫ്) വ്യാപാരി അയാളുടെ പതിവ് അനുസരിച്ചോ അല്ലെങ്കിൽ പ്രത്യേക സംഗതിക്കായി ഏർപ്പെട്ടിട്ടുള്ള ഒരു കരാറിലേയോ ഉടമ്പടിയിലേയോ വ്യവസ്ഥകൾ പ്രകാരം ഡിസ്ക്കൗണ്ട് അനുവദിച്ചിരിക്കുകയും എന്നാൽ വാങ്ങിയ ആൾ ഡിസ്ക്കൗണ്ട് കഴിച്ച് ആദ്യം ചാർജ് ചെയ്ത തുക മാത്രമേ നൽകിയിട്ടുള്ളൂ എങ്കിൽ അങ്ങനെ ഡിസ്ക്കൗണ്ട് ആയി അനുവദിച്ച എല്ലാ തുകകളും ;

(ജി) സാധനങ്ങൾ ഏൽപ്പിച്ചുകൊടുത്ത തീയതി മുതൽ മൂന്നു മാസക്കാലത്തിനകം അത്തരം ചരക്കുകൾ മടക്കിക്കൊടുക്കുകയും അങ്ങനെ മടക്കിക്കൊടുത്ത തീയതിയും പണം തിരികെ കൊടുത്ത തീയതിയും തുകയും കണക്കുകളിൽ കാണിച്ചിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ വില്പനയിൽ നികുതി ചുമത്താവുന്ന സാധനങ്ങൾ വാങ്ങിയ ആളുകൾ വ്യാപാരിക്ക് മടക്കിക്കൊടുത്തപ്പോൾ ആ സാധനങ്ങളെ സംബന്ധിച്ച് അവർക്ക് അനുവദിച്ചിട്ടുള്ള എല്ലാ തുകകളും ;

(എച്ച്) സാധനങ്ങളുടെ വാങ്ങൽ വിലയിന്മേൽ നികുതി ചുമത്താവുന്നതായിരിക്കുകയും എന്നാൽ സാധനങ്ങൾ മടക്കിക്കൊടുത്ത തീയതി മുതൽ

LIBRARY ARCHIVES Kerala Legislative Assembly

മൂന്നുമാസക്കാലത്തിനകം സാധനങ്ങൾ മടക്കികൊടുത്ത തീയതിയും, പണം തിരികെ കൊടുത്ത് സ്വീകരിച്ച തീയതിയും അതിന്റെ തുകയും വ്യാപാരി വിൽപ്പനക്കാർക്ക് മടക്കിക്കൊടുത്തപ്പോൾ ആ ചരക്കുകളെ സംബന്ധിച്ച് അവരിൽനിന്ന് ലഭിച്ച എല്ലാ തുകകളും:

എന്നുമാത്രമല്ല, ഈ ഉപവകുപ്പിൽ മറ്റുവിധത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള തൊഴികെ ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി ഒരു വ്യാപാരിയുടെ മൊത്ത വിൽപ്പന സംഖ്യയിൽ നിന്നും മറ്റു യാതൊരു കിഴിവും വരുത്താൻ പാടുള്ളതല്ല.

(ii) ഈ ആക്ടിലേയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾ, കഴിയുന്നിടത്തോളം, അവ ഈ ആക്ടിലെ മറ്റു വ്യവസ്ഥകൾ പ്രകാരം ചുമത്തുന്നതോ ഈടാക്കുന്നതോ തിരികെ നൽകുന്നതോ ആയ നികുതിക്ക് ബാധകമാകുന്നതുപോലെ, അപ്പീലും പിഴ ശിക്ഷയും സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടെ, ഈ ഉപവകുപ്പിൻ പ്രകാരമുള്ള മൊത്ത വിൽപ്പന സംഖ്യയിന്മേലുള്ള നികുതി ചുമത്തലിനും ഈടാക്കലിനും തിരികെ നൽകലിനും ബാധകമായിരിക്കുന്നതാണ്.

(iii) 22-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഏതൊരു വ്യാപാരിയും ഈ ഉപവകുപ്പ് പ്രകാരം നൽകേണ്ടതായ വിറ്റുവരവ് നികുതി, വാങ്ങുന്ന ആളിൽ നിന്നും ഈടാക്കാൻ പാടുള്ളതല്ല.

(3) (i) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും വ്യവസായിക അസംസ്കൃത സാധനങ്ങളുടെയോ ഘടക ഭാഗങ്ങളുടെയോ കണ്ടെയ്നറുകളുടെയോ പായ്ക്കിംഗ് സാധനങ്ങളുടെയോ വിൽപ്പന സംബന്ധിച്ച് ഒരു വ്യാപാരി നൽകേണ്ട നികുതി, അതതു സംഗതിപോലെ, അത്തരം സാധനങ്ങൾ സംസ്ഥാനത്തിനകത്ത് വില്പനയ്ക്കായി പൂർത്തീകരിച്ച ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനോ അഥവാ അത്തരം പൂർത്തീകരിച്ച ഉല്പന്നങ്ങൾ സംസ്ഥാനത്തിനകത്ത് വില്പന നടത്തുന്നതിലേക്കായി പായ്ക്കു ചെയ്യുന്നതിനോ വേണ്ടി ഏതെങ്കിലും വ്യവസായ യൂണിറ്റിന് വിൽക്കുമ്പോൾ, മുന്നൂശതമാനത്തിൽ കവിഞ്ഞ നിരക്കിൽ നികുതിക്ക് വിധേയമാണെങ്കിൽ, അതതു സംഗതിപോലെ, അത്തരം വ്യവസായ അസംസ്കൃത സാധനങ്ങളുടെയോ ഘടകഭാഗങ്ങളുടെയോ കണ്ടെയ്നറുകളുടെയോ പാക്കിംഗ് സാധനങ്ങളുടെയോ നികുതിക്ക് വിധേയമായ വിറ്റുവരവിന്റെ മൂന്നു ശതമാനം ആയിരിക്കുന്നതാണ്:

എന്നാൽ ഈ ആക്റ്റുപ്രകാരമോ 1956-ലെ കേന്ദ്ര വില്പന നികുതി ആക്റ്റ് (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) പ്രകാരമോ അങ്ങനെയുള്ള പൂർത്തീകരിച്ച സാധനങ്ങളുടെ വിൽപ്പനയ്ക്ക് നികുതി ബാദ്ധ്യത ഇല്ലെങ്കിലോ അങ്ങനെയുള്ള പൂർത്തീകരിച്ച സാധനങ്ങൾ ഇന്ത്യയ്ക്ക് വെളിയിലേക്ക് കയറ്റി അയയ്ക്കുമ്പോഴോ ഈ ഖണ്ഡം ബാധകമാകുന്നതല്ല:

എന്നുമാത്രമല്ല, നിർണ്ണയിക്കപ്പെട്ട രീതിയിൽ നിർണ്ണയിക്കപ്പെട്ട വിവരങ്ങൾ അടങ്ങുന്ന നിർദ്ദിഷ്ടഫാറത്തിൽ ചരക്കുകൾ ഏതു വ്യാപാരിക്കാണോ വിൽക്കുന്നത് അയാൾ യഥാവിധി പൂരിപ്പിച്ച് ഒപ്പിട്ട് നൽകിയ ഒരു പ്രഖ്യാപനം സാധനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വിൽക്കുന്ന വ്യാപാരി അസ്സ്സ്സിംഗ് അതോറിറ്റിക്ക് നൽകാത്തപക്ഷം ഈ വകുപ്പിലെ വ്യവസ്ഥകൾ യാതൊരു വില്പനക്കും ബാധകമാകുന്നതല്ല.

(ii) ഏതെങ്കിലും വ്യാപാരി (i)-ാം ഖണ്ഡത്തിന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ പറഞ്ഞിരിക്കുന്ന പ്രഖ്യാപനം നൽകിക്കൊണ്ട് സാധനങ്ങൾ വാങ്ങിയതിനുശേഷം. അത് ഉപയോഗപ്പെടുത്തുന്നതിനോ ഈ ആക്ട് പ്രകാരം നികുതിക്ക് വിധേയമല്ലാത്ത ഏതെങ്കിലും സാധനങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്നതിനോ വീഴ്ച വരികയാണെങ്കിൽ, പ്രഖ്യാപനം നൽകിയിട്ടില്ലായിരുന്നുവെങ്കിൽ അയാൾ നൽകേണ്ടതായ നികുതി, അയാൾ നൽകിയിട്ടുള്ള നികുതി എന്തെങ്കിലും ഉണ്ടെങ്കിൽ അത് കുറവ് ചെയ്തതിന്ശേഷം, നൽകാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും അത് ചുമത്തേണ്ടതും, അയാളിൽ നിന്ന് കിട്ടേണ്ട നികുതി എന്നപോലെ കണക്കാക്കി പിരിച്ചെടുക്കേണ്ടതും ആണ്.

** ** ** **

7. കമ്പൗണ്ട് ചെയ്ത നിരക്കിലുള്ള നികുതി നൽകൽ. —(1)5-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) സ്വർണ്ണമോ വെള്ളിയോ കൊണ്ടുള്ള ആഭരണങ്ങളോ പാത്രങ്ങളോ വ്യാപാരം നടത്തുന്ന ഏതെങ്കിലും വ്യാപാരിക്ക്, തന്റെ ഇച്ഛാനുസരണം, ആ ഉപവകുപ്പിലെ വ്യവസ്ഥകളനുസരിച്ച് നികുതി നൽകുന്നതിന് പകരം, തൊട്ടുമുൻവർഷത്തെ റിട്ടേണിലോ കണക്കുകളിലോ വെളിപ്പെടുത്തിയ പ്രകാരം അയാൾ നൽകേണ്ടുന്ന നികുതിയുടെ നൂറ്റി ഇരുപത് ശതമാനം നികുതിയായി നൽകാവുന്നതും അപ്രകാരമുള്ള വ്യാപാരി പുതിയ ശാഖകൾ തുറക്കുന്നപക്ഷം ഓരോ പുതിയ ശാഖയ്ക്കും ആദ്യവർഷം നൽകേണ്ട കമ്പൗണ്ട് ചെയ്ത് നികുതി മുഖ്യ ബിസ്സിനസ് സ്ഥലത്തെ സംബന്ധിച്ച് കമ്പൗണ്ട് ചെയ്ത നികുതിയുടെ ഇരുപത്തിയഞ്ചു ശതമാനം ആയിരിക്കുന്നതുമാണ്.

വിശദീകരണം.— ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി "തൊട്ടുമുൻവർഷത്തെ റിട്ടേണിലോ കണക്കുകളിലോ വെളിപ്പെടുത്തിയ പ്രകാരം അയാൾ നൽകേണ്ട നികുതി" എന്നാൽ, 5-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം വിറ്റുവരവിന്മേൽ നൽകേണ്ട നികുതിയും 5 എ വകുപ്പു പ്രകാരം ക്രയവിലയിന്മേൽ നൽകേണ്ട നികുതിയും എന്നർത്ഥമാകുന്നു:

എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും മുൻവർഷത്തിലെ ഏതെങ്കിലും കാലയളവിൽ ആ വ്യാപാരി കച്ചവടം നടത്തിയിട്ടില്ലായെങ്കിൽ ആകെ ഒരു വർഷത്തേക്ക് നൽകേണ്ട നികുതി അങ്ങനെയുള്ള വ്യാപാരി കച്ചവടം നടത്തിയിരുന്ന കാലയളവിലേക്ക് നൽകേണ്ടിയിരുന്ന നികുതിയുടെ അടിസ്ഥാനത്തിൽ ആനുപാതികമായി കണക്കാക്കേണ്ടതാണ്:

എന്നുമാത്രമല്ല ഈ ഉപവകുപ്പു പ്രകാരം ഒരു വ്യാപാരി മുൻവർഷത്തേക്കുള്ള നികുതി നൽകിയിട്ടുണ്ടെങ്കിൽ, തുടർന്നുവരുന്ന വർഷത്തേക്ക് അയാൾ നൽകേണ്ട കമ്പൗണ്ട് ചെയ്ത നികുതി, അങ്ങനെ നൽകിയ നികുതിയുടെ നൂറ്റിഇരുപത് ശതമാനമോ അഥവാ റിട്ടേണുകളോ കണക്കുകളോ പ്രകാരം ആ

LIBRARY ARCHIVES Kerala Legislative Assembly

വ്യാപാരി മുൻവർഷം നൽകേണ്ടിയിരുന്ന നികുതിയുടെ നൂറ്റി ഇരുപത് ശതമാനമോ ഏതാണോ കൂടുതൽ അത് ആയിരിക്കുന്നതാണ് :

എന്നുതന്നെയുമല്ല ആ വ്യാപാരി യഥാക്രമം മൂന്നുവർഷം കമ്പൗണ്ട് ചെയ്ത നികുതി നൽകിട്ടുണ്ടെങ്കിൽ, തുടർന്നു വരുന്ന വർഷം അയാൾ നൽകേണ്ട കമ്പൗണ്ട് ചെയ്ത നികുതി അങ്ങനെ കമ്പൗണ്ട് ചെയ്തു നൽകിയതോ തൊട്ടടുത്ത വർഷം നൽകേണ്ടതോ ആയ നികുതിയുടെ നൂറ്റിപ്പതിനഞ്ചു ശതമാനമായിരിക്കുന്നതും, ഒരു വ്യാപാരി യഥാക്രമം അഞ്ചു വർഷം കമ്പൗണ്ട് ചെയ്ത നികുതി നൽകിയിട്ടുള്ള സംഗതിയിൽ, തുടർന്നുവരുന്ന വർഷം അയാൾ നൽകേണ്ട കമ്പൗണ്ട് ചെയ്ത നികുതി, അങ്ങനെ കമ്പൗണ്ട് ചെയ്തു നൽകിയതോ തൊട്ടടുത്ത വർഷം നൽകേണ്ടതോ ആയ നികുതിയുടെ നൂറ്റിപ്പത്ത് ശതമാനം ആയിരിക്കുന്നതുമാണ്.

(ബി) ഗ്രാനൈറ്റ് മെറ്റൽ ഉൽപ്പാദിപ്പിക്കുന്ന ഏതെങ്കിലും യാന്ത്രിക ക്രഷിംഗ് യൂണിറ്റ്, അതിന്റെ ഓപ്ഷൻ പ്രകാരം, ആ ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നികുതി നൽകുന്നതിനു പകരം താഴെപ്പറയുന്ന നിരക്കുകളിൽ നികുതി നൽകാവുന്നതാണ്. അതായത് :—

(i)	30.48 സെ.മീ X 22.86 സെ. മീ. വലിപ്പത്തിൽ കവിയാത്ത ഓരോ ക്രഷിംഗ് യന്ത്രത്തിനും	പ്രതിവർഷം 1,25,000 രൂപ
(ii)	30.48 സെ.മീ X 22.86 സെ. മീ. വലിപ്പത്തിൽ കവിഞ്ഞതും 40.64 സെ.മീ X 22.86 സെ. മീ. വലിപ്പത്തിൽ കവിയാത്തതുമായ ഓരോ ക്രഷിംഗ് യന്ത്രത്തിനും.	പ്രതിവർഷം 25,000 രൂപ
(iii)	40.64 സെ.മീ X 22.86 സെ. മീ. വലിപ്പത്തിൽ കൂടുതലുള്ള ഓരോ ക്രഷിംഗ് യന്ത്രത്തിനും	പ്രതിവർഷം 50,000 രൂപ

** ** ** **

14. രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമം. (1) രജിസ്ട്രേഷന് വേണ്ടിയുള്ള ഒരു അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അങ്ങനെയുള്ള സമയത്തിനുള്ളിലും താഴെപ്പറയും പ്രകാരമുള്ള ഫീസ് സഹിതം അങ്ങനെയുള്ള അധികാരസ്ഥാനത്തിന് നൽകേണ്ടതാണ്.

(എ)	മൊത്തം വിറ്റുവരവ് മൂന്നുലക്ഷം രൂപയിൽ കുറവായിരിക്കുമ്പോൾ	നൂറു രൂപ
(ബി)	മൊത്തം വിറ്റുവരവ് മൂന്നുലക്ഷം രൂപയും അതിനുമുകളിലും എന്നാൽ പത്ത് ലക്ഷം രൂപയിൽ കുറവുമായിരിക്കുമ്പോൾ	ഇരുന്നൂറ്റി അൻപത് രൂപ
(സി)	മൊത്തം വിറ്റുവരവ് പത്തുലക്ഷം രൂപയും മുകളിലും എന്നാൽ അൻപതു ലക്ഷം രൂപയിൽ കുറവുമായിരിക്കുമ്പോൾ.	എഴുന്നൂറ്റിഅതിന് അൻപത് രൂപ പത്തുലക്ഷത്തിന് മുകളിലുള്ള ഓരോ

LIBRARY ARCHIVES Kerala Legislative Assembly

	ലക്ഷത്തിന് അല്ലെങ്കിൽ അതിന്റെ ഭാഗത്തിന് ഇരുപത്തിയഞ്ചുരൂപ.
(ഡി) മൊത്തം വിറ്റുവരവ് അൻപത് ലക്ഷം രൂപയോ അതിൽ കവിയുകയോ ചെയ്യുന്നിടത്ത്. അൻപത് ലക്ഷം രൂപയ്ക്ക്	ആയിരത്തി ഏഴുന്നൂറ്റി അൻപത് രൂപ കൂടാതെ മുകളിലുള്ള ഓരോലക്ഷം രൂപക്ക് അല്ലെങ്കിൽ അതിന്റെഭാഗത്തിന് അൻപത് രൂപ, ആയത് എത്രവന്നാലും ആകെ നൽകേണ്ട രജിസ്ട്രേഷൻ ഫീസ്ഇരുപതിനായിരം രൂപയിൽ കവിയാൻ പിടില്ലാത്തതാകുന്നു.

എന്നാൽ ആ വ്യാപാരി 1966-ലെ കേരള റേഷനിംഗ് ഓർഡറനുസരിച്ച് റേഷൻ സാധനങ്ങളുടെയോ (അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ) അല്ലെങ്കിൽ പാമോയിലിന്റെയോ മൊത്തമോ ചില്ലറയോ ആയ ഒരു അംഗീകൃത വിതരണക്കാരനാണെങ്കിൽ ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി അയാളുടെ മൊത്തം വിറ്റുവരവിൽ അപ്രകാരമുള്ള സാധനങ്ങളുടെ വിറ്റുവരവ് ഉൾപ്പെടുത്താൻ പാടുള്ളതല്ല.

എന്നുമാത്രമല്ല ഒരു താൽക്കാലിക കച്ചവടക്കാരന്റെ കാര്യത്തിൽ അയാൾ നൽകേണ്ടി വരുന്ന ഏറ്റവും കുറഞ്ഞ രജിസ്ട്രേഷൻ ഫീസ് ആയിരം രൂപ ആയിരിക്കുന്നതാണ്.

(1എ) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 1956-ലെ കേന്ദ്ര വിൽപ്പന നികുതി ആക്റ്റ് (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) 7-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ വ്യാപാരിയും (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഫീസിന് പുറമെ നൂറ് രൂപ ഫീസ് നൽകേണ്ടതാണ്.

(2) നിർണ്ണയിക്കപ്പെട്ട അധികാരസ്ഥന്, തനിക്ക് ആവശ്യമാണെന്ന് തോന്നുന്ന പ്രകാരമുള്ള അന്വേഷണത്തിനുശേഷം,—

(എ) ആ അപേക്ഷ ക്രമമായിട്ടുള്ളതാണെന്നും ;

(ബി) അതിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയാണെന്നും ;

(സി) (2എ) ഉപവകുപ്പുപ്രകാരം ഈട് എന്തെങ്കിലും നൽകേണ്ടതുണ്ടെങ്കിൽ അത് നൽകിയിട്ടുണ്ടെന്നും ബോദ്ധ്യപ്പെടുന്നപക്ഷം അപേക്ഷകനെ രജിസ്റ്റർ ചെയ്യേണ്ടതും നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ഒരു സർട്ടിഫിക്കറ്റ് അയാൾക്ക് നൽകേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2എ) ഈ ആക്റ്റുപ്രകാരം നൽകേണ്ടതായ നികുതി ശരിയായ രീതിയിൽ ഈടാക്കുന്നതിനായി നിർണ്ണയിക്കപ്പെട്ട അധികാരസ്ഥന് അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് തോന്നുന്നപക്ഷം ലിഖിതമായ ഒരു ഉത്തരവിനാലും അതിൽ രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങളാലും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനായി നിർണ്ണയിക്കപ്പെട്ട രീതിയിലും ഉത്തരവിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിലും അതിൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള ഈട് വ്യാപാരി നൽകേണ്ടതാണെന്ന് ഒരു ഉപാധി വയ്ക്കാവുന്നതാണ്.

(3) ഒരു വ്യാപാരിക്ക് ഒന്നിലധികം വ്യാപാരസ്ഥലങ്ങളുള്ളപക്ഷം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അങ്ങനെയുള്ള എല്ലാ വ്യാപാരസ്ഥലങ്ങളെയും ഉൾപ്പെടുത്തിയുള്ളതായിരിക്കണം. അസ്സസ്സിംഗ് അതോറിട്ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ വ്യാപാരിക്ക് അയാളുടെ ഓരോ വ്യാപാര സ്ഥലത്തും പ്രദർശിപ്പിക്കുന്നതിനായി നൽകേണ്ടതും വ്യാപാരി ഓരോ പകർപ്പിനും അൻപത് രൂപ ഫീസ് ഒടുക്കേണ്ടതുമാണ്.

** ** ** **

15. പെർമിറ്റ് നൽകൽ.—(1) രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥലമോ സ്ഥലങ്ങളോ അല്ലാതെയുള്ള സ്ഥലങ്ങളിൽ കച്ചവടം നടത്തുകയോ അഥവാ മുകളിൽ പറഞ്ഞപ്രകാരം കച്ചവടം നടത്തുന്നതിനായി യാത്ര ചെയ്തു വില്പന നടത്തുന്ന ആളിനേയോ പ്രതിനിധിയേയോ ഏർപ്പെടുത്തുകയോ ചെയ്യുന്ന ഓരോ രജിസ്റ്റർ ചെയ്ത വ്യാപാരിയും ഈ ആക്റ്റുപ്രകാരം തന്നെ അധികാരപ്പെടുത്തിക്കൊണ്ടോ ആ വില്പക്കാരനേയോ പ്രതിനിധിയെയോ അപ്രകാരം ചെയ്യുന്നതിന് അധികാരപ്പെടുത്താൻ തന്നെ അനുവദിച്ചുകൊണ്ടോ ഉള്ള പെർമിറ്റ് വാങ്ങേണ്ടതാണ്.

(2) ആ പെർമിറ്റിന്റെ കീഴിൽ നടത്തിയ വ്യാപാരത്തിന്റെ മൊത്തം വിറ്റ് വരവ് രജിസ്റ്റർ ചെയ്ത് വ്യാപാരി അയാളുടെ കണക്കുകളിലും റിട്ടേണുകളിലും ഉൾപ്പെടുത്തുകയും വരവ്വയ്ക്കുകയും ചെയ്യേണ്ടതും കച്ചവടത്തിനായി രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥലത്ത് രജിസ്റ്റർ ചെയ്ത വ്യാപാരി സ്വയം നടത്തിയ വ്യാപാരത്തിന്റെ വിറ്റ് വരവ് എന്നപോലെ കണക്കാക്കേണ്ടതുമാണ്.

(3) പെർമിറ്റുള്ള ഓരോരുത്തരും പെർമിറ്റ് കൈവശം വയ്ക്കേണ്ടതും സർക്കാർ ഇതിലേക്ക് അധികാരപ്പെടുത്തിയിട്ടുള്ള വില്പന നികുതി വകുപ്പിലെ ഏതു ഉദ്യോഗസ്ഥനും ആവശ്യപ്പെടുന്നമുറയ്ക്ക് അവ ഹാജരാക്കേണ്ടതുമാണ്. പെർമിറ്റ് പ്രകാരം നടത്തിയ എല്ലാ ഇടപാടുകളുടെയും സത്യവും കൃത്യവുമായ കണക്കും, അയാൾ കൈവശം വച്ചിരിക്കുന്ന സാധനങ്ങളുടെ അളവും ദിനംപ്രതി വില്പന മുഖേനയോ അല്ലാതെയോ കൈയൊഴിയുന്ന സാധനങ്ങളുടെ അളവും ഓരോ ദിവസത്തിന്റെയും അവസാനം കൈവശമുള്ള നീക്കിബാക്കിയും കാണിച്ചിട്ടുള്ള ഒരു സ്റ്റോക്കുബുക്കും സൂക്ഷിക്കേണ്ടതും അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന മുറയ്ക്ക് അവ ഹാജരാക്കേണ്ടതുമാണ്.

(4) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന പെർമിറ്റിന് വേണ്ടിയുള്ള അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന അധികാരസ്ഥന്റെ മുൻപാകെ അൻപത് രൂപ

LIBRARY ARCHIVES Kerala Legislative Assembly

ഫീസ് ഉൾപ്പെടെ, നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും സമയത്തിനുള്ളിലും ബോധിപ്പിക്കേണ്ടതുമാണ്.

വിശദീകരണം.— ഒരു വ്യാപാരി അയാൾക്ക് ആവശ്യമുള്ള എല്ലാ പെർമിറ്റുകൾക്കുംവേണ്ടി, അപേക്ഷിക്കുന്ന ഓരോ പെർമിറ്റിനുമുള്ള ഫീസ് സഹിതം ഒരൊറ്റ അപേക്ഷ നൽകാവുന്നതാണ്.

(5) നിർദ്ദിഷ്ട അധികാരസ്ഥാനത്തിന്, അപേക്ഷ ക്രമമാണെന്നും, അതിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ ശരിയാണെന്നും ബോദ്ധ്യമാകുന്നപക്ഷം, ആ അധികാരസ്ഥാനം നിർദ്ദിഷ്ട ഫോറത്തിൽ പെർമിറ്റ് നൽകേണ്ടതാണ്.

(6) (5)-ാം ഉപവകുപ്പുപ്രകാരം നൽകിയ ഒരു പെർമിറ്റിന് ഒരു വർഷം നിയമസാധുത ഉണ്ടായിരിക്കുന്നതും, ഓരോ വർഷവും രജിസ്റ്റർ ചെയ്ത വ്യാപാരിയിൽ നിന്ന് അൻപത് രൂപ ഫീസുൾപ്പെടെയുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പുതുക്കി നൽകേണ്ടതുമാണ്.

(7) നിർദ്ദിഷ്ട അധികാരസ്ഥൻ,—

(എ) രജിസ്റ്റർ ചെയ്ത വ്യാപാരി രേഖാമൂലം ആവശ്യപ്പെടുമ്പോഴോ ;

(ബി) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദു ചെയ്യുമ്പോഴോ ; പെർമിറ്റ് റദ്ദ് ചെയ്യേണ്ടതാണ്.

(8) നിർദ്ദിഷ്ട അധികാരസ്ഥന്, പെർമിറ്റുള്ള ആൾ പെർമിറ്റിലെ ഏതെങ്കിലും നിബന്ധനകൾക്കോ വ്യവസ്ഥകൾക്കോ, ഈ ആക്റ്റിലേയോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്കോ എതിരായി പ്രവർത്തുകയാണെങ്കിൽ പെർമിറ്റ് റദ്ദു ചെയ്യാവുന്നതാണ്.

(9) (8)-ാം ഉപവകുപ്പ് പ്രകാരം യാതൊരു പെർമിറ്റും, റദ്ദു ചെയ്യുന്നത് ആരെയാണോ ബാധിക്കുന്നത് അയാൾക്ക് പറയുവാനുള്ളത് കേൾക്കുവാൻ അവസരം നൽകാതെ, റദ്ദ് ചെയ്യാൻ പാടില്ലാത്തതാണ്.

17. അസസ്സിംഗ് അതോറിറ്റി പാലിക്കേണ്ട നടപടിക്രമം.—(1) ഏതൊരു രജിസ്റ്റേർഡ് വ്യാപാരിയും, ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യുവാൻ ബാദ്ധ്യസ്ഥനായ ഏതൊരു വ്യാപാരിയും തന്റെ വിറ്റ് വരവ് സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള റിട്ടേണോ റിട്ടേണുകളോ അപ്രകാരമുള്ള രീതിയിലും സമയത്തിനുള്ളിലും ബോധിപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ബോധിപ്പിച്ചിട്ടുള്ള ഏതെങ്കിലും റിട്ടേൺ ശരിയും പൂർണ്ണവുമാണെന്ന് അസ്സസ്സിംഗ് അതോറിറ്റിക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം അദ്ദേഹം അതിന്റെ അടിസ്ഥാനത്തിൽ വ്യാപാരിയുടെ മേൽ നികുതി ചുമത്തേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം വ്യാപാരി, നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ റിട്ടേൺ ബോധിപ്പിക്കാതിരിക്കുകയോ അഥവാ അയാൾ ബോധിപ്പിച്ച റിട്ടേൺ അസ്സസ്സിംഗ് അതോറിറ്റിക്ക് തെറ്റാണെന്നോ അപൂർണ്ണമാണെന്നോ തോന്നുകയോ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നപക്ഷം, ആ അധികാരി തനിക്ക് ആവശ്യമെന്ന് തോന്നുന്ന അന്വേഷണം നടത്തുകയും താൻ ശേഖരിച്ചിട്ടുള്ള സംഗതമായ എല്ലാ വസ്തുതകളും പരിഗണിക്കുകയും ചെയ്തശേഷം ഏറ്റവും യുക്തിസഹമായി തോന്നുന്ന വിധത്തിൽ വ്യാപാരിയുടെമേൽ നികുതി ചുമത്തേണ്ടതാണ്.

എന്നാൽ ഈ ഉപവകുപ്പുപ്രകാരം നടപടി എടുത്തുന്നതിന് മുൻപായി വ്യാപാരിക്ക് പറയുവാനുള്ളത് ബോധിപ്പിക്കുവാനും റിട്ടേൺ സമർപ്പിച്ചിട്ടുള്ള പക്ഷം അത് ശരിയാണെന്നോ പൂർണ്ണമാണെന്നോ തെളിയിക്കുന്നതിനും ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(4) (3), (4എ) എന്നീ ഉപവകുപ്പുകളിൽ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, നികുതി ചുമത്തൽ പൂർത്തിയാക്കാത്ത ഏതെങ്കിലും വർഷത്തെ സംബന്ധിച്ച് ഈ വ്യാപാരികൾ നൽകുന്ന റിട്ടേൺ നികുതി ചുമത്തൽ ഏത് വർഷത്തെ സംബ്ധിച്ച് ഉള്ളതാണോ ആ വർഷത്തേക്ക് സമർപ്പിച്ച റിട്ടേണിൽ തന്റെ മൊത്തം വിറ്റുവരവായി പറഞ്ഞിട്ടുള്ള തുക പതിനഞ്ചുലക്ഷം രൂപയിൽ കവിയാത്ത ഏതെങ്കിലും വ്യാപാരിയോ അല്ലെങ്കിൽ നികുതിയിൽ നിന്നും പാടേ ഒഴിവാക്കപ്പെട്ട സാധനങ്ങൾ മാത്രം വ്യാപാരം നടത്തുന്ന ഏതെങ്കിലും വ്യാപാരിയോ, അല്ലെങ്കിൽ

ഒന്നും രണ്ടും അഞ്ചും പട്ടികയിൽപ്പെടുന്ന സാധനങ്ങൾ നികുതിക്ക് വിധേയമല്ലാത്ത ഘട്ടങ്ങളിൽ മാത്രം വ്യാപാരം നടത്തുന്ന ഏതെങ്കിലും വ്യാപാരിയോ അല്ലെങ്കിൽ വിറ്റുവരവിന്റെ പരിധി എന്തായിരുന്നാൽ തന്നെയും ആ വർഷത്തേക്ക് താൻ നൽകേണ്ടതായ നികുതി അയ്യായിരം രൂപയിൽ കവിയാത്ത ഏതെങ്കിലും വ്യാപാരിയോ ഈ ആക്റ്റിനും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾക്കും അനുസൃതമായി നിർണ്ണയിക്കപ്പെടാവുന്ന സ്റ്റേറ്റ്മെന്റുകൾ സഹിതം സമർപ്പിക്കുന്ന റിട്ടേൺ, അസ്സസ്സിംഗ് അതോറിറ്റി സ്വീകരിക്കേണ്ടതും അങ്ങനെയുള്ള റിട്ടേണിന്റെ അടിസ്ഥാനത്തിൽ ആ വ്യാപാരിയുടെ മേൽ നികുതി ചുമത്തേണ്ടതുമാണ് ;

എന്നാൽ, ഈ ഉപവകുപ്പിൻ കീഴിൽ ഓരോ വർഷവും മുൻവർഷത്തിൽ പൂർത്തിയാക്കേണ്ട നികുതി ചുമത്തലുമായി ബന്ധപ്പെട്ടവയിൽനിന്നും റവന്യൂ ബോർഡ്, ക്രമം നോക്കാതെ ഇരുപതു ശതമാനം അക്കൗണ്ടുകളും മറ്റു റിക്കാർഡുകളും വിശദ പരിശോധന നടത്തുന്നതിനായി തിരഞ്ഞെടുക്കേണ്ടതും ഏതെങ്കിലും വില്പനയോ ക്രയമോ വ്യാപാരി അക്കൗണ്ട് ചെയ്തിട്ടില്ലാത്തതായിട്ടോ അല്ലെങ്കിൽ മറ്റു വിധത്തിൽ നികുതി നൽകുന്നത് ഒഴിവാക്കാൻ ശ്രമം നടത്തിയിട്ടുള്ളതായോ കാണുന്നപക്ഷം, ആ വ്യാപാരിയുടെ തൊട്ടുമുൻപുള്ള അഞ്ച് വർഷങ്ങളിലെ നികുതി തിട്ടപ്പെടുത്തൽ പുനഃപരിശോധിക്കേണ്ടതും 17-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമം അനുവർത്തിച്ചുകൊണ്ട് ഒഴിവാക്കപ്പെട്ട വിറ്റുവരവിന്മേൽ നികുതി ചുമത്തേണ്ടതും ഈടാക്കേണ്ടതും ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരം നിർണ്ണയിച്ചിട്ടുള്ള കാലഹരണം അങ്ങനെയുള്ള സംഗതികൾക്ക് ബാധകമല്ലാത്തതും ആകുന്നു :

എന്നുമാത്രമല്ല, ഈ ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും വിഭാഗത്തിൽ കീഴിൽ വരുന്ന ഏതെങ്കിലും വ്യാപാരി സമർപ്പിച്ചിട്ടുള്ള റിട്ടേണിനോടൊപ്പം ഈ

LIBRARY ARCHIVES Kerala Legislative Assembly

ആക്റ്റ് പ്രകാരമോ അത് പ്രകാരമുണ്ടാക്കിയ ചട്ടങ്ങളാലോ നികുതി നിരക്കിൽ കുറവ് വരുത്താനോ, ഒഴിവാക്കാനോ ഉള്ള അവകാശവാദത്തിന് സഹായകമായ ഏതെങ്കിലും സ്റ്റേറ്റ്മെന്റ് അതോടൊപ്പം ചേർക്കാതിരുന്നാൽ, അസ്സസിംഗ് അതോറിറ്റി വ്യാപാരിക്ക് മതിയായ നോട്ടീസ് നൽകിയശേഷം, അയാൾ റിട്ടേണിൽ വെളിപ്പെടുത്തിയിട്ടുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ തെളിയിക്കപ്പെട്ടിടത്തോളം അത്തരം ഒഴിവാക്കലിനും, കുറവുചെയ്യലിനുമുള്ള അവകാശവാദം നിരാകരിച്ചു കൊണ്ട് നികുതി തിട്ടപ്പെടുത്തൽ പൂർത്തിയാക്കേണ്ടതാണ് ;

(4 എ) (3)-ാം ഉപവകുപ്പിൽ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, 1969-ലെ കേരള സഹകരണ സംഘം ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സഹകരണ സംഘത്തിന്റെ അസ്സസിംഗ് അതോറിറ്റി 1980-81 വർഷത്തേക്കും തുടർന്നുള്ള ഓരോ വർഷത്തേക്കും സംഘം നൽകിയിട്ടുള്ള റിട്ടേണിന്റെ അടിസ്ഥാനത്തിൽ, അപ്രകാരമുള്ള റിട്ടേൺ സഹകരണ സംഘം രജിസ്ട്രാർ അങ്ങനെയുള്ള സംഘത്തിന് നൽകിയ ആഡിറ്റ് റിപ്പോർട്ടിന്റെ പിൻബലത്തോട് കൂടിയാണെങ്കിൽ, അന്തിമ നികുതി തിട്ടപ്പെടുത്തൽ നടത്തേണ്ടതാണ് ;

എന്നാൽ, സഹകരണ സംഘം രജിസ്ട്രാർ നൽകിയ സഹകരണ സംഘത്തിന്റെ ആഡിറ്റ് റിപ്പോർട്ട് ബന്ധപ്പെട്ട വർഷം കഴിയുന്നതുമുതൽ മൂന്നുവർഷത്തിനകം നൽകിയിട്ടില്ലെങ്കിൽ, ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

എന്നുമാത്രമല്ല, ശിക്ഷിക്കപ്പെട്ടതോ, പിഴ ചുമത്തപ്പെട്ടതോ, റിട്ടേൺ നൽകപ്പെട്ട വർഷത്തിലേക്ക് നികുതിയിൽനിന്നും ഒഴിഞ്ഞുമാറിയതിന് 47-ാം വകുപ്പുപ്രകാരം ഒരു തുക സ്വീകരിച്ചിട്ടുള്ളതോ ആയ ഒരു സഹകരണ സംഘത്തിന്റെ കാര്യത്തിൽ ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

(4ബി) 5-ാം വകുപ്പിലോ, ഈ വകുപ്പിൽ മുൻപറഞ്ഞ വ്യവസ്ഥകളിലോ എതിരായി എന്തുതന്നെ അടങ്ങിയിരുന്നാലും, കരാർ പണികളെ സംബന്ധിച്ച് അസ്സസ്സിംഗ് അതോറിറ്റിക്ക് 1999 ഏപ്രിൽ 1-ാം തീയതിക്ക് മുൻപുള്ള കാലയളവിലേക്ക്, അത്തരം പണികളെ സംബന്ധിച്ചുള്ള നികുതി നിർണ്ണയം, കരാറുകാരൻ ആവശ്യപ്പെടുന്നപക്ഷം ഒറ്റ ബ്ലോക്കായി പൂർത്തീയാക്കാവുന്നതും നികുതി നിരക്കിനെ സംബന്ധിക്കുന്ന വ്യവസ്ഥകളൊഴികെയുള്ള ഈ ആക്റ്റിലെ വ്യവസ്ഥകളും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളും അത്തരം നികുതി നിർണ്ണയം, അത് 1998-99 വർഷത്തെ നികുതി നിർണ്ണയമാണെന്നപോലെ ബാധകമാകുന്നതാണ്. ഓരോ കരാർ ജോലിക്കുമുള്ള നികുതിയുടെ നിരക്ക് അത്തരം കരാർ ജോലികളെ സംബന്ധിച്ച് ആ ബ്ലോക്ക് കാലയളവിൽ ബാധകമാകുന്ന, ഏറ്റവും കുറഞ്ഞ നിരക്കിൽ ആയിരിക്കും:

എന്നാൽ നേരത്തെ, നല്കിയിട്ടുള്ള ഒരു നികുതിയും തിരികെ നൽകാൻ അനുവദിക്കുന്നതല്ല.

(5) (4)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നുംതന്നെ ആ ഉപവകുപ്പുപ്രകാരം നികുതി ചുമത്തപ്പെട്ട ഒരു വ്യാപാരിയുടെ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

19, 19എ, 19ബി, 19സി, 27 എന്നീ വകുപ്പുകളിലെ വ്യവസ്ഥകളുടെ പ്രഭാവം ഒഴിവാക്കുന്നതായി കരുതൽ പാടില്ലെന്ന്, സംശയനിവാരണത്തിനായി ഇതിനാൽ വ്യക്തമാക്കുന്നു.

(5എ) (4)-ാം ഉപവകുപ്പിൻ കീഴിൽ നികുതി തിട്ടപ്പെടുത്തൽ പൂർത്തിയാക്കിയ ഏതെങ്കിലും വ്യാപാരിയെ സംബന്ധിച്ച് പുനർ നിർണ്ണയത്തിൽ, അയാൾ നല്കിയ ഏതെങ്കിലും നികുതി അപ്രകാരം പുതുതായി നിർണ്ണയിച്ചപ്പോൾ അയാൾ നൽകാൻ ബാദ്ധ്യസ്ഥമായ നികുതിയേക്കാൾ കുറവാണെന്ന് കാണുന്ന പക്ഷം, അസ്സിംഗ് അതോറിറ്റിക്ക്, മുൻപ് നൽകിയ നികുതി തുകയും പുതുതായി നിർണ്ണയിച്ചപ്പോൾ എത്തിച്ചേർന്ന തുകയും തമ്മിലുള്ള വ്യത്യാസവും, വ്യത്യാസമായി വന്നതിന്റെ മൂന്നിരട്ടി തുക, പിഴയും സഹിതം നല്കാൻ അപ്രകാരമുള്ള വ്യാപാരിയോട് നിർദ്ദേശിക്കാവുന്നതാണ്.

(6) ഈ വകുപ്പ് പ്രകാരമുള്ള ഏതൊരു നികുതി തിട്ടപ്പെടുത്തലും നികുതി തിട്ടപ്പെടുത്തൽ ഏതു വർഷത്തേക്കാണോ ആ വർഷം അവസാനിച്ചശേഷം നാലുവർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ സ്വയം രജിസ്റ്റർ ചെയ്യാൻ ബാദ്ധ്യസ്ഥമായവരും എന്നാൽ അങ്ങനെ ചെയ്യാൻ വീഴ്ച വരുത്തിയവരും ബിനാമികൾ എന്ന നിലയിലോ ബിനാമി വഴിയോ ബിസിനസ് ചെയ്യുന്നവരുമായോ വ്യാപാരികളുടെ കാര്യത്തിൽ ഈ സമയ പരിധി ബാധകമായിരിക്കുന്നതല്ല :

എന്നിരുന്നലും 1994-95 വർഷത്തെ സംബന്ധിച്ച നികുതി തിട്ടപ്പെടുത്തൽ 2000 മാർച്ച് 31-ാം തീയതിയോ അതിനു മുൻപോ പൂർത്തിയാക്കേണ്ടതാണ് :

എന്നുമാത്രമല്ല, (4)-ാം ഉപവകുപ്പിൻ കീഴിലോ അല്ലെങ്കിൽ (4എ) ഉപവകുപ്പിൻ കീഴിലോ വരുന്ന നികുതി തിട്ടപ്പെടുത്തൽ, അല്ലാതെയുള്ള ഏതെങ്കിലും നികുതി തിട്ടപ്പെടുത്തൽ, ആ വർഷത്തേക്ക് നികുതി തിട്ടപ്പെടുത്തൽ ആവശ്യത്തിന് അക്കൗണ്ട് ബുക്കുകൾ പരിശോധിക്കുന്നതിനുള്ള അവസാന തീയതി മുതൽ നാലുമാസത്തിനുള്ളിലോ തൊട്ടുമുകളിലുള്ള അധികാരസ്ഥാനത്തിന്റെ അനുവാദത്തോടുകൂടി പ്രസ്തുത തീയതി മുതൽ ആറ് മാസത്തിനകമോ പൂർത്തിയാക്കേണ്ടതാണ് :

എന്നുമാത്രമല്ല, 1998 ഏപ്രിൽ 1-ാം തീയതിക്കു മുൻപ് പരിശോധിച്ചിട്ടുള്ള അക്കൗണ്ടുകളെ സംബന്ധിച്ച നികുതി തിട്ടപ്പെടുത്തലുകൾ 1999 മാർച്ച് 31-ാം തീയതിയോ അതിന് മുൻപോ പൂർത്തിയാക്കേണ്ടതാണ്.

(7) (6)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമോ മറ്റേതെങ്കിലും നിയമ പ്രകാരമോ ഏതെങ്കിലും അന്വേഷണ വിചാരണയോ, അന്വേഷണമോ നിലവിലിരിക്കുന്ന സംഗതികളിൽ അഥവാ പ്രസ്തുത ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന കാലയളവിനകത്ത് ഏതെങ്കിലും നികുതി തിട്ടപ്പെടുത്തൽ പൂർത്തീകരിക്കാൻ കഴിയാതെ വരുമ്പോൾ, ഡെപ്യൂട്ടി കമ്മീഷണർക്ക്, മതിയായ കാരണങ്ങളിന്മേൽ നികുതി തിട്ടപ്പെടുത്തൽ പൂർത്തിയാക്കാനുള്ള കാലയളവ് ആ ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ കവിഞ്ഞ് നീട്ടിക്കൊടുക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(8) ഒരു അപ്പലേറ്റ് അതോറിറ്റിയുടെയോ ഒരു റിവിഷൻ അതോറിറ്റിയുടെയോ ഉത്തരവ് പ്രകാരമുള്ള ഏതെങ്കിലും നികുതി തിട്ടപ്പെടുത്തലോ, പുനർ നികുതി തിട്ടപ്പെടുത്തലോ ആ ഉത്തരവ് ലഭിച്ച വർഷം മുതൽ നാല് വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്:

എന്നാൽ, 1993 ഏപ്രിൽ 1-ാം തീയതിയിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന അപ്രകാരമുള്ള എല്ലാ നികുതി തിട്ടപ്പെടുത്തലുകളും പുനർ നികുതി തിട്ടപ്പെടുത്തലുകളും 1999 മാർച്ച് 31-നോ അതിനുമുൻപോ പൂർത്തിയാക്കേണ്ടതാണ്.

(9) ഈ വകുപ്പുപ്രകാരം, ഒരു നികുതി തിട്ടപ്പെടുത്തൽ പൂർത്തിയാക്കുന്നതിനുള്ള കാലാവധി കണക്കാക്കുമ്പോൾ ഒരു കോടതിയുടേയോ മറ്റ് കോംപിറ്റന്റ് അതോറിറ്റിയുടെയോ ഉത്തരവ് പ്രകാരം നികുതി തിട്ടപ്പെടുത്തൽ നടപടികൾ നിറുത്തിവച്ചിരിക്കുന്ന കാലയളവ് ഒഴിവാക്കേണ്ടതാണ്.

** ** ** **

18. ചില സംഗതികളിൽ നികുതി തിട്ടപ്പെടുത്തൽ പൂർത്തിയായതായി കരുതുമെന്ന്.— (1) 17-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 1996 മാർച്ച് 31-ാം തീയതി നിലവിലുണ്ടായിരുന്നവിധം, പ്രസ്തുത വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ സൂചിപ്പിച്ച ഏതെങ്കിലും തരങ്ങളിൽപ്പെടുന്ന രജിസ്റ്റർ ചെയ്തതും അതനുസരിച്ച് റിട്ടേണുകൾ ഫയൽ ചെയ്തതും നികുതി കൊടുക്കുകയും ചെയ്ത ഏതെങ്കിലും വ്യാപാരിയെ സംബന്ധിച്ച്, 1998 ഏപ്രിൽ 1-ാം തീയതി തീർപ്പ് കൽപ്പിക്കാതെ കിടക്കുന്ന നികുതി തിട്ടപ്പെടുത്തൽ, (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി പൂർത്തിയായതായി കരുതുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും രജിസ്റ്റർ ചെയ്ത ഒരു വ്യാപാരി—

ഏതെങ്കിലും കാലയളവിൽ ഈ ആക്റ്റിൻ കീഴിൽ അയാൾ നൽകേണ്ടതായ നികുതി തുക കുറയുന്ന തരത്തിൽ, (1)-ാം ഉപവകുപ്പിൻ കീഴിൽ നടത്തിയ നികുതി തിട്ടപ്പെടുത്തൽ സംബന്ധിച്ച 17-ാം വകുപ്പ് പ്രകാരമോ മറ്റുതരത്തിലോ സമർപ്പിച്ച റിട്ടേണിൽ,

(എ) ഏതെങ്കിലും വിൽക്കലോ വാങ്ങലോ മറച്ചുവച്ചതായോ; അല്ലെങ്കിൽ

(ബി) അയാളുടെ വിറ്റുവരവ് സംബന്ധിച്ചോ വില്പന സംബന്ധിച്ചോ തെറ്റായ പത്രിക സമർപ്പിച്ചതായോ,

റവന്യൂ ബോർഡിനോ അതതു സംഗതിപോലെ, 1996-ലെ റവന്യൂ ബോർഡ് (നിർത്തലാക്കൽ) ആക്റ്റി (1997-ലെ 14) ൻ കീഴിൽ നിയമിച്ച കമ്മീഷണർക്കോ, ഡെപ്യൂട്ടി കമ്മീഷണർക്കോ അറിവു ലഭിച്ചതുമൂലമോ അല്ലെങ്കിൽ മറ്റു തരത്തിലോ ബോദ്ധ്യപ്പെട്ടാൽ, റവന്യൂ ബോർഡോ അതതു സംഗതിപോലെ, 1996-ലെ റവന്യൂബോർഡ് (നിർത്തലാക്കൽ) ആക്റ്റി (1997-ലെ 14) ൻ കീഴിൽ നിയമിച്ച കമ്മീഷണറോ, ഡെപ്യൂട്ടി കമ്മീഷണറോ, 1998 ഏപ്രിൽ മാസം 1-ാം തീയതി മുതൽ അഞ്ച് വർഷത്തിനകത്ത് അങ്ങനെയുള്ള വ്യാപാരിക്ക് അയാൾക്ക് പറയാനുള്ളത് ബോധിപ്പിക്കുവാൻ ഒരവസരം നൽകിയതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയുള്ള കാലയളവിലേക്ക് നികുതി തിട്ടപ്പെടുത്തൽ വീണ്ടും നടത്താനും (3)-ാം ഉപവകുപ്പോ 17-ാം വകുപ്പോ അനുസരിച്ചുള്ള നടപടികൾ അനുവർത്തിച്ച തനിക്ക് ഏറ്റവും യുക്തിസഹമായി തോന്നുന്ന രീതിയിൽ അങ്ങനെയുള്ള കാലത്തേക്ക് വീണ്ടും നികുതി തിട്ടപ്പെടുത്താവുന്നതും 19-ാം വകുപ്പിൻ കീഴിൽ പറഞ്ഞിട്ടുള്ള കാലപരിധി അങ്ങനെയുള്ള വീണ്ടും തിട്ടപ്പെടുത്തലിന് ബാധകമാകാത്തുമാകുന്നു.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ഒരു നികുതി തിട്ടപ്പെടുത്തൽ പുനരാരംഭിക്കുമ്പോൾ, ഒരു വ്യാപാരി കൊടുത്ത ഏതെങ്കിലും നികുതി തുക, അങ്ങനെയുള്ള പുതിയ നികുതി തിട്ടപ്പെടുത്തലിൽ അയാൾ കൊടുക്കാൻ ബാദ്ധ്യസ്ഥമായ തുകയെക്കാൾ കുറവാണെന്ന് കാണുന്നപക്ഷം, നേരത്തെ ഒടുക്കിയ നികുതി തുകയും പുതിയ നികുതി തിട്ടപ്പെടുത്തൽ പ്രകാരമുള്ള തുകയും തമ്മിൽ വ്യത്യാസം വരുന്ന തുകയും അപ്രകാരം വരുന്ന വ്യത്യാസത്തിന്റെ മൂന്നിരട്ടി തുക പിഴയായും ഒരുമിച്ച് ഒടുക്കാൻ ആ വ്യാപാരിയോട് നികുതി തിട്ടപ്പെടുത്തുന്ന അധികാരി നിർദ്ദേശിക്കേണ്ടതാണ് :

എന്നാൽ, ഒരു വ്യാപാരി, അക്കൗണ്ട് ബുക്കുകൾ അനുസരിച്ച് അയാളിൽ നിന്നും ഈടാക്കേണ്ട നികുതിയിൽ വന്ന വിട്ടുപോകലുകളോ തെറ്റുകളോ അഥവാ മറ്റു വസ്തുതകളോ, കുറവായ തുക ഒടുക്കാനിടയായത് അയാൾ സമ്മേധയാ കണ്ടുപിടിക്കുകയും, 1998 ജൂൺ 30-ാം തീയതിയോ അതിനു മുൻപോ, 23-ാം വകുപ്പ് (3)-ാം ഉപവകുപ്പു പ്രകാരം ബാക്കി വരുന്ന നികുതി തുകയും പലിശയും ഒടുക്കിയതിന്റെ തെളിവിനോടൊപ്പം പുതുക്കിയ റിട്ടേൺ സമർപ്പിക്കുന്നപക്ഷം. അങ്ങനെയുള്ള കാലയളവിലേക്ക്, ആ രജിസ്റ്റർ ചെയ്ത വ്യാപാരിയുടെ മേൽ ഈ ഉപവകുപ്പ് പ്രകാരമുള്ള യാതൊരു പിഴയും ചുമത്താൻ പാടില്ലാത്തതാകുന്നു.

40. അപ്പീൽ ഹൈക്കോടതി മുൻപാകെ.—(1) 37-ാം വകുപ്പിൻ കീഴിൽ, തന്നെ ബാധിക്കുന്ന റവന്യൂ ബോർഡിന്റെ ഉത്തരവിനെതിരെ ആക്ഷേപമുള്ള ഏതൊരാൾക്കും, നിർണ്ണയിക്കപ്പെട്ട രീതിയിൽ, ഉത്തരവിന്റെ പകർപ്പ് കിട്ടി തൊണ്ണൂറ് ദിവസകാലയളവിനുള്ളിൽ, ഹൈക്കോടതിയിൽ അത്തരം ഉത്തരവിനെതിരായി അപ്പീൽ ബോധിപ്പിക്കാവുന്നതാണ് ;

എന്നാൽ, പ്രസ്തുത കാലയളവിനുള്ളിൽ അപ്പീൽ ബോധിപ്പിക്കാതിരുന്നതിന് അപ്പീൽ വാദിക്ക് തക്കതായ കാരണമുണ്ടായിരുന്നെന്ന് ഹൈക്കോടതിക്ക് ബോദ്ധ്യം വരുന്നപക്ഷം തൊണ്ണൂറ് ദിവസ കാലയളവിന്ശേഷം ബോധിപ്പിക്കുന്ന അപ്പീൽ ഹൈക്കോടതിക്ക് സ്വീകരിക്കാവുന്നതാണ്.

(2) അപ്പീൽ നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ ആയിരിക്കേണ്ടതും നിർണ്ണയിക്കപ്പെട്ട രീതിയിൽ സത്യബോധപ്പെടുത്തിയിട്ടുള്ളതും 250 രൂപ ഫീസ് സഹിതം ആയിരിക്കേണ്ടതുമാണ്.

(3) നേരിട്ടോ, പ്രതിനിധി വഴിയോ, കക്ഷികളെ കേൾക്കാൻ ന്യായമായ ഒരു അവസരം നൽകിയശേഷം അപ്പീൽ തീർപ്പ് കൽപ്പിക്കുമ്പോൾ ഹൈക്കോടതി,—

(എ) നികുതി തിട്ടപ്പെടുത്തൽ ഉത്തരവിന്റെയോ, പിഴ ശിഷയുടെയോ സംഗതിയിൽ, ഉത്തരവോ പിഴയോ,—

LIBRARY ARCHIVES Kerala Legislative Assembly

(i) സ്ഥിരപ്പെടുത്തുകയോ, കുറയ്ക്കുകയോ, കൂട്ടുകയോ, നികുതി തിട്ടപ്പെടുത്തലോ പിഴശിക്ഷയോ രണ്ടുമോ റദ്ദാക്കുകയോ;

(ii) നികുതി തിട്ടപ്പെടുത്തൽ റദ്ദാക്കുകയും, കോടതി നിർദ്ദേശിക്കുന്ന രീതിയിലുള്ള കൂടുതൽ അന്വേഷണത്തിനുശേഷം പുതിയ നികുതി തിട്ടപ്പെടുത്തൽ നടത്തുകയോ;

(iii) അതിന് യുക്തമെന്ന് തോന്നുന്ന മറ്റ് ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ; അഥവാ

(ബി) മറ്റേതെങ്കിലും തരത്തിലുള്ള ഉത്തരവുകളാണെങ്കിൽ അത്തരം ഉത്തരവ് സ്ഥിരപ്പെടുത്തുകയോ, റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യാവുന്നതാണ്.

(4) അപ്പീലിന്റെ ഫലമായി, അപ്പീൽ ചെയ്യപ്പെട്ട ഉത്തരവിൽ എന്തെങ്കിലും മാറ്റം ആവശ്യമായി വരികയാണെങ്കിൽ ഹൈക്കോടതിക്ക് ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് റവന്യൂ ബോർഡിനെ അധികാരപ്പെടുത്താവുന്നതും, അത്തരം ഭേദഗതി കൊണ്ടുവരുമ്പോൾ അതതുസംഗതിപോലെ, അധികമായി ഏതെങ്കിലും തുക നല്കിയിട്ടുണ്ടെങ്കിൽ അപ്പീൽ വാദിക്ക് അത് തിരികെ നൽകുകയോ ഏതെങ്കിലും തുക നികുതിയായി അയാളിൽനിന്നു ലഭിക്കുവാനുണ്ടെങ്കിൽ, ആ തുക ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്അനുസൃതമായി ഈടാക്കുകയോ ചെയ്യാവുന്നതുമാണ്.

(5) ഈ വകുപ്പു പ്രകാരം അപ്പീലിന്മേൽ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവും അന്തിമമായിരിക്കുന്നതാണ്.

(6) (1)-ാം ഉപവകുപ്പിൻ കീഴിൽ അപ്പീൽ ബോധിപ്പിച്ചിരുന്നാൽ തന്നെയും ഏത് നികുതി തിട്ടപ്പെടുത്തൽ ഉത്തരവിനെതിരെയാണോ അപ്പീൽ നല്കിയിട്ടുള്ളത് ആ ഉത്തരവിനനുസൃതമായി നികുതി നല്കേണ്ടതാണ്: എന്നാൽ, നിർണ്ണയിക്കപ്പെടാവുന്ന അത്തരം ഫാറത്തിലും അത്തരം രീതിയും അപ്പീൽവാദി മതിയായ ജാമ്യത്തുക ഹാജരാക്കുകയാണെങ്കിൽ, ഹൈക്കോടതിക്ക്, അപ്പീൽ തീർപ്പാക്കുന്നതിന് മുൻപായി നികുതി നല്കുന്നത് സംബന്ധിച്ച് അതിന് ഉചിതമെന്ന് തോന്നുന്ന അത്തരം നിർദ്ദേശങ്ങൾ നല്കാവുന്നതാണ്.

(7) (എ) ഹൈക്കോടതിക്ക്, അപ്പീൽ വാദിയുടെയോ, റവന്യൂ ബോർഡിന്റെയോ അപേക്ഷയിന്മേൽ (3)-ാം ഉപവകുപ്പിൻ കീഴിൽ അത് പാസ്സാക്കിയ ഏത് ഉത്തരവും, മതിയായ ശുഷ്ക്കാന്തിയോടെ പ്രവർത്തിച്ചിട്ടും അപ്പീൽ വാദിയുടെയോ റവന്യൂ ബോർഡിന്റെയോ അറിവിൽപ്പെടാതിരുന്നതും, ഉത്തരവ് ഇറക്കുന്ന സമയം ഹാജരാക്കാൻ അയാൾക്കോ അതിനോ സാധിക്കാതിരുന്നതും പിന്നീട് കണ്ടെത്തിയതുമായ പുതിയതും പ്രാധാന്യമുള്ളതുമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ, റിവ്യൂ ചെയ്യാവുന്നതാണ്.

(ബി) റിവ്യൂവിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് നിർണ്ണയിക്കപ്പെട്ട രീതിയിലും, അപേക്ഷയുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അപേക്ഷകൻ നല്കിയ

LIBRARY ARCHIVES Kerala Legislative Assembly

തീയതി മുതൽ ഒരു വർഷത്തിനകവും, റവന്യൂ ബോർഡ് അല്ലാതെ മറ്റ് ആരെങ്കിലും ആണ് അപ്പീൽ സമർപ്പിക്കുന്നതെങ്കിൽ, അത് 250 രൂപ ഫീസോടുകൂടിയും ആയിരിക്കേണ്ടതാണ്.

(8) (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു അപ്പിലിലോ, (7)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു റിവ്യൂവിലോ ഉള്ള കോടതി ചെലവ് ഹൈക്കോടതിക്ക് യുക്തം പോലെ തീരുമാനിക്കാവുന്നതാണ്.

42. ഹൈക്കോടതിയിൽ സമർപ്പിക്കുന്ന അപ്പീലുകളും ഹർജികളും അപേക്ഷകളും രണ്ട് ജഡ്ജിമാരിൽ കുറയാതെയുള്ള ബഞ്ച് കേൾക്കേണ്ടതാണെന്ന്.—ഹൈക്കോടതിയിൽ സമർപ്പിക്കുന്ന, 40-ാം വകുപ്പിൻ കീഴിലുള്ള എല്ലാ അപ്പീലുകളും 41-ാം വകുപ്പിൻ കീഴിലുള്ള എല്ലാ ഹർജികളും 40, 41 എന്നീ വകുപ്പിൻ കീഴിലുള്ള എല്ലാ അപേക്ഷകളും രണ്ട് ജഡ്ജിമാരിൽ കുറയാതെയുള്ള ബഞ്ച് കേൾക്കേണ്ടതും, പ്രസ്തുത അപ്പീൽ, ഹർജി അല്ലെങ്കിൽ അപേക്ഷ എന്നിവയെ സംബന്ധിച്ച്, 1908-ലെ സിവിൽ നിയമ സംഹിതയിലെ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ കഴിയുന്നത്ര ബാധകമാകുന്നതുമാണ്.

** ** ** **

45 എ എ. നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതിനുള്ള ശിഷ.—(1) ഈ ആക്റ്റിൻ കീഴിൽ അടയ്ക്കേണ്ട നികുതിയോ മറ്റേതെങ്കിലും തുകയോ ഡിമാൻഡ് നോട്ടീസിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിൽ അടയ്ക്കുന്നതിൽ ഒരു അസ്സസ്സി വീഴ്ച വരുത്തുന്നിടത്ത്, നികുതിയ്ക്കും കുടിശ്ശികയായി അടയ്ക്കേണ്ട മറ്റേതെങ്കിലും തുകയ്ക്കും 23-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം കൊടുക്കേണ്ടതായ പലിശയ്ക്കും പുറമേ, പിഴയായി നികുതി തിട്ടപ്പെടുത്തുന്ന അധികാരി നിർദ്ദേശിക്കുന്ന തുകയും വീഴ്ച തുടരുന്ന സംഗതിയിൽ ഓരോ ദിവസത്തേക്കും നികുതി തിട്ടപ്പെടുത്തുന്ന അധികാരി നിർദ്ദേശിച്ചേക്കാവുന്ന അപ്രകാരമുള്ള നിരക്കിലുള്ള തുകയും കൂടി നല്കുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതും, എന്തുതന്നെയായാലും അപ്രകാരമുള്ള പിഴത്തുക, നികുതിയേക്കാളോ കുടിശ്ശികയായി അടയ്ക്കേണ്ട മറ്റു തുകയേക്കാളോ കവിയാൻ പാടില്ലാത്തതുമാണ്.

(2) അസ്സസ്സിക്ക് പറയുവാനുള്ളത് ബോധിപ്പിക്കുവാൻ ന്യായമായ ഒരവസരം നല്കാതെ (1)-ാം ഉപവകുപ്പിൻ കീഴിലുള്ള യാതൊരു പിഴയും ചുമത്താൻ പാടുള്ളതല്ല.

** ** ** **

59 എ. നികുതി നിരക്ക് നിശ്ചയിക്കാൻ സർക്കാരിനുള്ള അധികാരം.—ഏതെങ്കിലും സാധനങ്ങളുടെ വില്പനയിന്മേലോ ക്രയത്തിന്മേലോ ഈ ആക്റ്റിൻകീഴിൽ ചുമത്താവുന്ന നികുതി നിരക്കിനെ സംബന്ധിച്ച് എന്തെങ്കിലും പ്രശ്നം ഉദിക്കുകയാണെങ്കിൽ, അത്തരം പ്രശ്നം സർക്കാരിന്റെ തീരുമാനത്തിനായി റഫർ ചെയ്യേണ്ടതും ഈ ആക്റ്റിലെ മറ്റ് ഏതെങ്കിലും വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അതിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാം പട്ടിക

5-ാം വകുപ്പ് (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം ഒറ്റഘട്ടത്തിൽ മാത്രം നികുതി ചുമത്തേണ്ട സാധനങ്ങൾ

ക്രമ നം.	സാധനങ്ങളുടെ വിവരണം	നികുതി ചുമത്തുന്ന ഘട്ടം	നികുതി നിരക്ക് (ശതമാനം)
(1)	(2)	(3)	(4)
13.	ഡ്രൈ സെല്ലുകൾ അല്ലാത്ത ബാറ്ററികൾ.	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ.	12
**	**	** **	**
25.	കശുവണ്ടി പരിപ്പ്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ.	8
	വിശദീകരണം.— കശുവണ്ടി പരിപ്പിന് നികുതി ചുമത്തുന്ന സംഗതിയിൽ, ആ കശുവണ്ടി പരിപ്പ് ഉല്പാദിപ്പിച്ചത് ഏതു കശുവണ്ടിയിൽ നിന്നാണോ അതിന്മേൽ ചുമത്തിയ നികുതി ഏതെങ്കിലുമുണ്ടെങ്കിൽ അത് കിഴിവു ചെയ്യേണ്ടതാണ്.		
**	**	** **	**
27.	വൈറ്റ് സിമന്റ് ഉൾപ്പെടെയുള്ള സിമന്റ്.	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ.	12
**	**	** **	**
31.	രാസപ്രക്രിയയ്ക്ക് വിധേയമായ റബ്ബർ തടി.	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത്	8

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
		നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ.	
	** **	** ** **	**
37.	ഗ്രാംപൂവും ജാതിക്കയും, ജാതി പത്രിയും.		
	(എ) സംസ്ഥാനത്തിനകത്ത് നിന്ന് വാങ്ങിയത്.	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്ത് നടത്തിയ ആദ്യ വാങ്ങലിന്റെ ഘട്ടത്തിൽ.	8
	(ബി) സംസ്ഥാനത്തിന് പുറത്തു നിന്നും കൊണ്ടുവന്നത്.	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്ത് നടത്തുന്ന ആദ്യവിൽപ്പനയുടെ ഘട്ടത്തിൽ.	8
	** **	** ** **	**
54	വൈദ്യുത സാധനങ്ങൾ (ഈ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതൊഴികെ) ഉപകരണങ്ങൾ, സാമഗ്രികൾ, ഗ്രൈന്ററുകൾ, കുക്കിംഗ് റേഞ്ചുകൾ, ഹോട്ട് പ്ലേറ്റുകൾ, വാട്ടർഹീറ്ററുകൾ എന്നിവയും ഫാനും പ്രകാശം ലഭിക്കുന്നതിനായുള്ള ബൾബുകളും ഉൾപ്പെടെയുള്ള മറ്റു ഗാർഹിക വൈദ്യുതാവശ്യത്തിനുള്ള മണ്ണുകൊണ്ടും കളിമണ്ണുകൊണ്ടും ഉള്ള ഉപകരണങ്ങൾ എന്നിവയും മൊത്തത്തിലോ ഭാഗികമായോ വിൽക്കുന്ന മറ്റെല്ലാ ഉപസ്കരണങ്ങളും ഘടക ഭാഗങ്ങളും.	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്ത് നടത്തുന്ന ആദ്യവിൽപ്പനയുടെ ഘട്ടത്തിൽ.	8
	** **	** ** **	
78	കച്ചോലം		
	(എ) സംസ്ഥാനത്തിനകത്ത് നിന്ന് വാങ്ങിയത്	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വാങ്ങൽ ഘട്ടത്തിൽ.	8
	(ബി) സംസ്ഥാനത്തിന് പുറത്തു നിന്നും കൊണ്ടുവന്നത്.	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു	8

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
		വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ.	
	** **	** ** **	
83.	എല്ലാത്തരത്തിലും വിഭാഗത്തിലുംപെട്ട പൂട്ടുകൾ.	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ.	12
	** **	** ** **	**
103.	പെയിന്റുകൾ, നിറങ്ങൾ, ലാക്കറുകൾ, വാർണിഷുകൾ, പിഗ്മെന്റുകൾ, പോളീഷുകൾ, നീലം, ചായങ്ങൾ, ഇനാമൽ, പുട്ടി, ബെയിൻ, ഓയിൽ, ടർപ്പന്റയിൻ ഓയിൽ, വുഡ് പ്രിസർവേഷൻ ഓയിൽ, പ്രൈമറുകൾ തിന്നറുകളും പെയിന്റ് ചെയ്യുന്നതിനുള്ള ബ്രഷുകളും.	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ.	12
	** **	** ** **	
135.	5 സെ. മീ. താഴെ ബോർഡയമീറ്ററോടു കൂടിയ ട്രാക്ടറുകൾ, ബുൾഡോസറുകളും, പൗവർ ടില്ലറുകളും, ക്രെയിനുകളും മറ്റ് മണ്ണുമാറ്റുന്ന യന്ത്രസാമഗ്രികൾ സംബന്ധിക്കുന്നത് ഉൾപ്പെടെയുള്ള സ്പെയർപാർട്ടുകളും മോട്ടോർ വാഹനങ്ങളും മോട്ടോർ വെസ്സലുകളും.	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യവിൽപ്പനയുടെ ഘട്ടത്തിൽ.	8
	** **	** ** **	
150.	ഇലത്തേയിലയും സംസ്കരിച്ച തേയിലയും ഉൾപ്പെടെയുള്ള തേയില.	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ.	8
	വിശദീകരണം.—സംസ്ക്കരിച്ച തേയിലയ്ക്കുമേൽ നികുതി		

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
	ചുമത്തിയിട്ടുള്ള സംഗതിയിൽ ആസംസ്ക്കരിച്ച തേയില ഉണ്ടാക്കിയത് ഏത് ഇലത്തേയിലയിൽനിന്നാണോ അതിന്മേൽ ചുമത്തിയ നികുതി ഏതെങ്കിലുമുണ്ടെങ്കിൽ, അത് തിരിച്ചുനൽകേണ്ടതാണ്.		
	** ** ** ** **		
157.	ട്രാക്ടറുകൾ, പൗവർ ടില്ലറുകൾ, ബുൾഡോസറുകൾ, പിക്ക്-കാരികെയിനുകൾ, ട്രക്കിൻമേൽ ഘടിപ്പിച്ചതും തിരിയുന്നതുമായ ക്രെയിനുകൾ, എസ്കവേറ്ററുകളും മറ്റ് മണ്ണ് മാറ്റുന്ന യന്ത്രസാമഗ്രികളും.	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്തു നടത്തുന്ന ആദ്യവിൽപ്പനയുടെ ഘട്ടത്തിൽ.	4
	** ** ** ** **		
159.	മഞ്ഞൾ	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യ വിൽപ്പനയുടെ ഘട്ടത്തിൽ.	8
	** ** ** ** **		

മൂന്നാം പട്ടിക

9-ാം വകുപ്പുപ്രകാരം നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള സാധനങ്ങൾ

**	**	**	**	**
38. മാംസം				
**	**	**	**	**

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചാം പട്ടിക

5-ാം വകുപ്പ് (1)-ാം ഉപവകുപ്പോ 2-ാം ഉപവകുപ്പോ പ്രകാരം രണ്ട് ഘട്ടങ്ങളിൽ നികുതി ചുമത്താവുന്ന ചരക്കുകൾ

ക്രമ നം.	ചരക്കുകളുടെ വിവരണം	നികുതി ചുമത്തലിന്റെ ആദ്യ ഘട്ടം	നികുതി നിരക്ക് (ശതമാനം)	രണ്ടാംഘട്ടം നികുതി ചുമത്തൽ	നികുതി നിരക്ക് (ശതമാനം)	സംസ്ഥാനത്ത് വില്പന യുടെ രണ്ട് ഘട്ടങ്ങൾ ഇല്ലാത്തിടത്ത്	നികുതി നിരക്ക് (ശതമാനം)
(1)	(2)	(3)	(4)	(5)	(6)	(7)	(8)
3	മൈക്രോ വേവ് ഒവനും അതിന്റെ സ്പെയർ പാട്ടുകളും	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിക്ക് സംസ്ഥാനത്തിനകത്തു വച്ച് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ	10	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വില്പനയുടെ ഘട്ടത്തിൽ.	2	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിയല്ലാത്ത ഒരാൾക്കോ, വില്പനയ്ക്കല്ലാതെ ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിയ്ക്കോ സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യവില്പനയുടെ ഘട്ടത്തിൽ.	12
	** ** **	** ** **		** ** **		** ** **	
6	റഫ്രിജറേറ്റർ, വാട്ടർകൂളർ, എയർകണ്ടീഷനിംഗ് പ്ലാന്റ്, എയർ കൂളറുകളും, റൂം കൂളറുകളും, അവ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിക്ക് സംസ്ഥാനത്തിനകത്തു	10	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വില്പനയുടെ ഘട്ടത്തിൽ.	2	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിയല്ലാത്ത ഒരാൾക്കോ, വില്പനയ്ക്കല്ലാതെ ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിയ്ക്കോ	12

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)	(7)	(8)
	യുടെ സ്പെയർ പാർട്ടുകളും യന്ത്ര ഘടകങ്ങളും.	വച്ച് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ.				സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യവില്പനയുടെ ഘട്ടത്തിൽ.	
	** ** **	** ** **		** ** **		** ** **	
7	വാഷിംഗ് മെഷീനുകളും, ഡിഷ് വാഷറുകളും, അവയുടെ സ്പെയർ പാർട്ടുകളും ഘടകങ്ങളും.	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിക്ക് സംസ്ഥാനത്തിനകത്തുവച്ച് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ.	10	5-ാം വകുപ്പു പ്രകാരം നികുതി നിൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വില്പനയുടെ ഘട്ടത്തിൽ.	2	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിയല്ലാത്ത ഒരാൾക്കോ, വില്പനയ്ക്കല്ലാതെ ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിയ്ക്കോ സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യവില്പനയുടെ ഘട്ടത്തിൽ.	12
	** ** **	** ** **		** ** **		** ** **	
10	വാക്വം ക്ലീനർ	5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിക്ക് സംസ്ഥാനത്തിനകത്തുവച്ച് നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിൽ.	10	5-ാം വകുപ്പു പ്രകാരം നികുതി നിൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന അവസാന വില്പനയുടെ ഘട്ടത്തിൽ.	2	5-ാം വകുപ്പു പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിയല്ലാത്ത ഒരാൾക്കോ, വില്പനയ്ക്കല്ലാ തെ ഒരു രജിസ്റ്റർ ചെയ്ത വ്യാപാരിയ്ക്കോ സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യവില്പനയുടെ ഘട്ടത്തിൽ.	12

1976-ലെ കേരള ആഡംബരങ്ങളിൽന്മേലുള്ള നികുതി ആക്റ്റിൽനിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1976-ലെ 32-ാം ആക്റ്റ്)

** ** ** ** **

2. നിർവചനങ്ങൾ.— ** **

** ** ** ** **

8. റിവിഷൻ.— (1) റവന്യൂബോർഡിന് സ്വമേധയായോ അപേക്ഷയിന്മേലോ അസസ്സിംഗ് അതോറിറ്റി പുറപ്പെടുവിച്ച ഏത് ഉത്തരവിന്റെയും രേഖകളും നടപടിക്രമങ്ങളും ആവശ്യപ്പെടാവുന്നതും പരിശോധിക്കാവുന്നതും അതിന് ന്യായവും യുക്തവുമെന്ന് തോന്നുന്ന ഉത്തരവ് അതിന്മേൽ പാസ്സാക്കാവുന്നതുമാണ്: എന്നാൽ ഈ ഉപവകുപ്പിൻ കീഴിലുള്ള യാതൊരു അപേക്ഷയും അപേക്ഷകന് ചോദ്യം ചെയ്യപ്പെടുന്ന ഉത്തരവ് ലഭിച്ച് തൊണ്ണൂറു ദിവസത്തെ കാലയളവിനുള്ളിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ പരിഗണിക്കാൻ പാടുള്ളതല്ല: എന്നിരുന്നാലും ഈ ഉപവകുപ്പിൻ കീഴിലുള്ള ഏതെങ്കിലും അപേക്ഷ നിരസിക്കുന്നതിന് മുൻപ് റവന്യൂ ബോർഡ് അത്തരം നിരസിക്കലിന്റെ കാരണങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

(2) ഏതെങ്കിലും ആളിനെ ദോഷകരമായി ബാധിക്കുമെങ്കിൽ ആ ആളിന് പറയാനുള്ളത് ബോധിപ്പിക്കുവാൻ ന്യായമായ അവസരം നൽകാതെ ഒന്നാം ഉപവകുപ്പിൻ കീഴിൽ യാതൊരു ഉത്തരവും പാസ്സാക്കുവാൻ പാടുള്ളതല്ല.

(3) ഒരാൾക്ക് 7-ാം വകുപ്പ് പ്രകാരം അപ്പീൽ സമർപ്പിക്കാമായിരുന്നിട്ടും അപ്പീൽ അയാൾ ഫയൽ ചെയ്തിട്ടില്ലായെങ്കിൽ അങ്ങനെയുള്ള ആളിന്റെ അപേക്ഷയിൽ ഈ വകുപ്പുപ്രകാരമുള്ള യാതൊരു നടപടികളും സ്വീകരിക്കേണ്ടതില്ല.

(4) (1)-ാം ഉപവകുപ്പിൻ കീഴിൽ റിവിഷനുള്ള ഒരു അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന അത്തരം രീതിയിലും അത്തരം ഫോറത്തിലും ആയിരിക്കേണ്ടതും ഇരുന്നൂറ്റമ്പതു രൂപ ഫീസു സഹിതം ആയിരിക്കേണ്ടതും യാതൊരു കാരണവശാലും ആ തുക തിരികെ നൽകാൻ പാടില്ലാത്തതുമാകുന്നു.

** ** ** ** **

1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റിൽനിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1991-ലെ 15-ാം ആക്റ്റ്)

** ** ** ** **

2. നിർവചനങ്ങൾ.— ** **

** ** ** **

LIBRARY ARCHIVES Kerala Legislative Assembly

3. കാർഷികാദായ നികുതി ചുമത്തൽ.— (1) ഈ ആക്റ്റിന്റെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ ഉള്ള നികുതി ഓരോ അസസ്മെന്റ് വർഷത്തിലേയ്ക്കും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസരിച്ചും അവയ്ക്ക് വിധേയമായും, ഓരോ ആളിന്റെയും മുൻവർഷത്തെ മൊത്തം കാർഷികാദായത്തിന്മേൽ ചുമത്തേണ്ടതാണ്: എന്നാൽ, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം കാർഷികാദായ നികുതി ചുമത്തലിന് വിധേയമാകാവുന്നതായി തന്റെ കൈവശമുള്ള മൊത്തം ഭൂസ്വത്തുക്കളുടെ വിസ്തീർണ്ണം മൂന്ന് ഹെക്ടറിൽ കവിയാത്ത ഒരു കമ്പനിയോ ഫേമോ അല്ലാത്ത യാതൊരാളും നികുതി നൽകേണ്ടതില്ല.

** ** ** ** **

9. അനുവദിച്ചിട്ടുള്ള റിബേറ്റും കിഴിവും.—(1) ** **

** ** **

(3) ഒരാളുടെ മൊത്തം കാർഷികാദായം കണക്കാക്കുന്നതിൽ അസസ്സിയുടെ മൊത്തം കാർഷികാദായത്തിൽ നിന്നു, ഇതിലേക്കായി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള തോട്ടങ്ങൾക്ക് പുതിയ ഉണർവ് കൈവരുത്തുന്നതിനും അവ നവീകരിക്കുന്നതിനുമുള്ള ഉദ്ദേശത്തോടുകൂടി ഏർപ്പെടുത്തിയിട്ടുള്ള ഇൻവെസ്റ്റ്മെന്റ് ഡിപ്പോസിറ്റ് സ്കീമിന്റെ കീഴിൽ നിക്ഷേപിച്ചിട്ടുള്ള മൊത്തം കാർഷികാദായത്തിന്റെ 20 ശതമാനത്തിൽ കവിയാത്ത തുക താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി കിഴിക്കേണ്ടതാണ്.—

(i) ചട്ടങ്ങൾ പ്രകാരം ആ വർഷത്തേക്കും തുടർന്നുള്ള വർഷങ്ങളിലേയ്ക്കും അനുവദിക്കാവുന്ന റീപ്ലാന്റേഷനോ ഇടനികത്തലിനോ ഉള്ള അലവൻസ് ആ പദ്ധതി പ്രകാരം അങ്ങനെ നിക്ഷേപിച്ച തുകയിൽ നിന്നും, അതു മുഴുവനും തട്ടിക്കിഴിച്ച് തീരുന്നതുവരെ തട്ടിക്കിഴിക്കേണ്ടതും ;

(ii) ആ നിക്ഷേപത്തിൽ നിന്നും തുക പിൻവലിക്കുന്നത് ഇതിലേക്കായുള്ള പദ്ധതിയനുസരിച്ച് സ്ഥാവര വസ്തുക്കളിൽ മുതൽ മുടക്കുന്നതിനായിരിക്കേണ്ടതും ;

(iii) ആ നിക്ഷേപത്തിൽ നിന്നും പിൻവലിച്ച ഏതെങ്കിലും തുക, അത് അനുവദിക്കപ്പെട്ട ആവശ്യത്തിനായി വിനിയോഗിച്ചിട്ടില്ലെങ്കിൽ, അതിനെ അങ്ങനെ പിൻവലിച്ച വർഷത്തെ കാർഷികാദായമായി കണക്കാക്കേണ്ടതും അപ്രകാരം അസസ് ചെയ്യേണ്ടതുമാണ്.

** ** **

13. കാർഷികാദായ നികുതി കമ്പൗണ്ട് ചെയ്യൽ.— ഈ ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, സംസ്ഥാനത്തിനകത്ത് കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന അഞ്ഞൂറു ഹെക്ടർ വിസ്തീർണ്ണത്തിൽ കവിയാത്ത വസ്തുവകകൾ കൈവശംവച്ച് കാർഷികാദായം നേടിക്കൊണ്ടിരിക്കുന്ന ഏതൊരാൾക്കും താൻ നൽകേണ്ട കാർഷികാദായ നികുതിക്ക് പകരം കൃഷി സ്ഥലത്തിന് താഴെ പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള നിരക്കനുസരിച്ച് ഒരു മൊത്ത സംഖ്യ നൽകുന്നതിനു വേണ്ടി കാർഷികാദായനികുതി ആഫീസർക്ക് അപേക്ഷ നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

"പട്ടിക

നികുതിയുടെ കമ്പൗണ്ടിംഗ് നിരക്ക്

വിളയുടെ പേര്	ആദ്യത്തെ മൂന്ന് ഹെക്ടറിന്	അടുത്ത അഞ്ച് ഹെക്ടറിന് ഹെക്ടറൊന്നിന് നിരക്ക്	അടുത്ത അഞ്ച് ഹെക്ടറിന് (എട്ടു ഹെക്ടറിന് മുകളിൽ എന്നാൽ 13 ഹെക്ടറിൽ കവിയാത്ത) ഹെക്ടറൊന്നിന് നിരക്ക്	അടുത്ത അഞ്ചു ഹെക്ടറിന് (13 ഹെക്ടറിന് മുകളിൽ എന്നാൽ 18 ഹെക്ടറിൽ കവിയാത്ത) ഹെക്ടറൊന്നിന് നിരക്ക്		ബാക്കിയുള്ള പരിധിക്ക് (500 ഹെക്ടർവരെ) ഹെക്ടറൊന്നിന് നിരക്ക്.	
(1)	(2)	(3)	(4)	(5)		(6)	
				രൂപ	രൂപ	രൂപ	രൂപ
ഏലം 'സി' മേഖലയും കശുവണ്ടിയും ഗ്രാമ്പും, സിങ്കോണയും, ജാതിയും കറുവപ്പട്ടയും ഈ പട്ടികയിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടില്ലാത്ത (കാപ്പിയും തേയിലയും അല്ലാത്ത) മറ്റു വിളകളും.			ഇല്ല	300	450	800	1400
കുരുമുളക്			"	400	600	1000	1750
തേങ്ങ,കൊക്കോ, റബ്ബർ			"	500	1000	1700	2500
ഏലം 'ബി' മേഖല			"	550	1000	2000	2800
ഏലം 'എ' മേഖല			"	750	1200	2700	3500
അടയ്ക്ക			"	750	1200	2700	3500
തേയില			"	350	500	900	1500
കാപ്പി			"	700	1000	1800	3000 ";

(സി) വിശദീകരണത്തിന് പകരമായി താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്. അതായത്.—

** ** ** ** **

39. കാർഷികാദായത്തിന്റെ അസസ്മെന്റ്.—(1) 35-ാം വകുപ്പ് പ്രകാരം ഒരു അസസ്സി ഹാജരാക്കിയ റിട്ടേണുകൾ പൂർണ്ണവും ശരിയും ആണെന്ന് കാർഷികാദായ നികുതി ഓഫീസർക്ക് ബോദ്ധ്യമായാൽ അപ്രകാരമുള്ള റിട്ടേണിന്റെ അടിസ്ഥാനത്തിൽ അസസ്സി അടയ്ക്കേണ്ട തുക രേഖാമൂലമുള്ള ഉത്തരവിനാൽ കണക്കാക്കാവുന്നതും ചുമത്താവുന്നതും ആകുന്നു.

(2) റിട്ടേണിന്റെ സത്യാവസ്ഥയും പൂർണ്ണതയും പരിശോധിക്കുവാൻ അസസ്സിയുടെ സാന്നിദ്ധ്യമോ, ഇതിലേക്കുള്ള തെളിവിന്റെ, ഹാജരാക്കലോ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമോ യുക്തമോ ആണെന്ന് കാർഷികാദായ നികുതി ആഫീസർ കരുതുകയാണെങ്കിൽ, നോട്ടീസിൽ വിനിർദ്ദേശിക്കാവുന്ന ഒരു തീയതിയിൽ കാർഷികാദായ നികുതി ആഫീസറുടെ ആഫീസിൽ ഹാജരാക്കുന്നതിനോ, റിട്ടേണിന് ഉപോൽബലകമായി അസസ്സി ആശ്രയിക്കുന്ന ഏതെങ്കിലും തെളിവ് ഹാജരാക്കുന്നതിനോ ഹാജരാക്കിക്കുന്നതിനോ അയാളോട് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നോട്ടീസ് അസസ്സിക്ക് നൽകാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച നോട്ടീസിൽ വിനിർദ്ദേശിച്ച ദിവസമോ അല്ലെങ്കിൽ കഴിയുന്നത്ര വേഗത്തിലോ അസസ്സി ഹാജരാക്കുന്ന തെളിവുകളോ, കാർഷികാദായ നികുതി ഓഫീസർ നിശ്ചിത കാര്യങ്ങളിൽ ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള കൂടുതൽ തെളിവുകളോ പരിഗണിക്കുകയും അയാൾ ശേഖരിച്ച എല്ലാ പ്രസക്ത വിവരങ്ങളും കണക്കിലെടുക്കുകയും ചെയ്തശേഷം രേഖാമൂലമുള്ള ഉത്തരവുവഴി അസസ്സ്മെന്റ് നടത്തുകയും അങ്ങനെയുള്ള അസസ്സ്മെന്റിന്റെ അടിസ്ഥാനത്തിൽ അയാൾ നൽകേണ്ടതോ, അയാൾക്ക് മടക്കി കിട്ടേണ്ടതോ ആയ തുക തീരുമാനിക്കേണ്ടതുമാണ്.

(4) ഏതെങ്കിലും വ്യക്തി, 35-ാം വകുപ്പ് പ്രകാരം ആവശ്യപ്പെട്ട റിട്ടേൺ, സമർപ്പിക്കാതിരിക്കുകയോ, 35-ാം വകുപ്പ് (എ)-ാം ഉപവകുപ്പു പ്രകാരം പുറപ്പെടുവിച്ച ഒരു നോട്ടീസ് അനുസരിക്കാതിരിക്കുകയോ അല്ലെങ്കിൽ ഒരു റിട്ടേൺ സമർപ്പിച്ചിട്ട് (2)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച ഒരു നോട്ടീസിലെ ഉപാധികൾ അനുസരിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്നപക്ഷം, കാർഷികാദായ നികുതി ഓഫീസർക്ക് അദ്ദേഹം ശേഖരിച്ച പ്രസക്തമായ എല്ലാ വിവരങ്ങളും കണക്കിലെടുത്തുകൊണ്ട് തനിക്കേറ്റവും വ്യക്തിസഹമെന്ന് തോന്നുന്ന രീതിയിൽ അസസ്സ്മെന്റ് നടത്തുകയും അങ്ങനെയുള്ള അസസ്സ്മെന്റിന്റെ അടിസ്ഥാനത്തിൽ അസസ്സി നൽകേണ്ടതോ അസസ്സിക്ക് മടക്കിക്കിട്ടേണ്ടതോ ആയ തുക തീരുമാനിക്കുകയും ചെയ്യേണ്ടതാണ്.

(5) (1)-ാം ഉപവകുപ്പുപ്രകാരമുള്ള അസസ്സ്മെന്റ് ഒഴികെ ഈ വകുപ്പു പ്രകാരമുള്ള യാതൊരു അസസ്സ്മെന്റും അസസ്സിക്ക് പറയാനുള്ളത് ബോധിപ്പിക്കുവാൻ ന്യായമായ ഒരു അവസരം നൽകാതെ നടത്താവുന്നതല്ല.

(6) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിയിൽ തീരുമാനമാകാതെ കിടക്കുന്നത് ഒഴികെയുള്ള ഏതൊരു അസസ്സ്മെന്റും റിട്ടേണുകൾ ഫയൽ ചെയ്യുന്ന തീയതി മുതൽ രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ് ;

എന്നാൽ സംസ്ക്കരിച്ച തേയിലയിൽ നിന്നുള്ള കാർഷികാദായം തിട്ടപ്പെടുത്തുന്ന സംഗതിയിൽ കാർഷികാദായ നികുതി ആഫീസർ തിട്ടപ്പെടുത്തൽ പൂർത്തിയാക്കാൻ നടപടി തുടങ്ങുമ്പോൾ 1961-ലെ ആദായ നികുതി ആക്റ്റ് (1961-ലെ 43-ാം കേന്ദ്ര ആക്റ്റ്) പ്രകാരം തിട്ടപ്പെടുത്തൽ പൂർത്തിയാക്കിയിട്ടില്ല എങ്കിൽ അദ്ദേഹത്തിന്, ഫയൽ ചെയ്ത റിട്ടേൺ പ്രകാരമുള്ള കാർഷികാദായം താൽക്കാലികമായി സ്വീകരിക്കാവുന്നതും അത്തരം തിട്ടപ്പെടുത്തൽ ആദായ നികുതി അധികാരിയുടെ ഉത്തരവിനനുസൃതമായി പരിഷ്ക്കരിക്കാവുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ക്ലിപ്തപ്പെടുത്തിയിരിക്കുന്ന സമയപരിധി അത്തരം തിട്ടപ്പെടുത്തലിലെ

LIBRARY ARCHIVES Kerala Legislative Assembly

